പുസ്തകം ൧൩. ലക്കം ൭.

# കർമ്മലകുസുമം

# The Flower of Carmel



പ്രതിമാസ പത്രിക.

May 1918.

# സംഗതി വിവരം.


1 നമ്മുടെ മൂന്നു ശത്രുക്കൾ.
2 പത്തു പ്രമാണങ്ങൾ.
3 വിശുദ്ധ ബർത്തലൂമ്മെയുടെ അന്ന എന്ന ധന്യയുടെ ജീവചരിത്രം.
4 വിശ്വാസപ്രചാരതല്പരത.
5 കത്തോലിക്കാ ഉപദേശത്തിന്റെ ഒരു വിവരണം.
6 വിശുദ്ധ യൌസേപ്പുപിതാവ്.
7 മേരീമാഹാത്മ്യം.
8 തിരുഹൃദയസഭക്കാർ ൧൯൧൮ ഇടവമാസത്തിൽ വെക്കേണ്ട പൊതു നിയോഗം.
9 ലോകവർത്തമാനച്ചുരുക്കം.


# നോട്ടീസ്

## ആണ്ടൊന്നുക്കു തപാൽകൂലി ഉൾപ്പടെ ബ്രി. രൂപാ ൧,

യാതൊരുത്തൻ അഞ്ചുപേരെ പത്രവരിക്കാരായി ചേർത്തു പേരയക്കയും സ്വന്തമേൽവിലാസത്തിൽ പത്രങ്ങളെല്ലാം ഏറ്റു വാങ്ങിച്ചുകൊടുക്കയും പത്രവരി പിരിച്ചു ഒന്നായി അടക്കുകയും ചെയ്യുന്നതായാൽ അയാൾക്ക് ആറാമത്തെ ഒരു പത്രം സൌജന്യമായി കൊടുക്കപ്പെടും.

“കർമ്മെല കുസുമം” മാനേജർ,

Mannanam. മാന്നാനം.

മാസികയുടെ വരിക്കാരായി ചേരുവാൻ ആഗ്രഹിക്കുന്നവർ മുൻകൂർ പണമയച്ച് അപേക്ഷിക്കയൊ അല്ലെങ്കിൽ മാസിക വി. പി. ആയി അയക്കുവാൻ പ്രത്യേകം ആവശ്യപ്പെടുകയൊ ചെയ്യണം. പണമടയ്ക്കാതെ മാസികയ്ക്ക് ആവശ്യപ്പെടുന്നവർക്കെല്ലാം സാധാരണ വി. പി. ആയി മാത്രമേ അയക്കയുള്ളു. മാസിക വരി അടച്ചിട്ടുള്ളതിന്റെ കാലാവധി കഴിഞ്ഞാൽ പിന്നെയുള്ള മാസികയും മുറയ്ക്ക് ഇവിടെനിന്നും വി. പി. ആയി അയക്കപ്പെടും. മേൽപറഞ്ഞ രണ്ടു സംഗതികളിലും വി. പി. അയക്കുന്നതിൽ വിരോധമുള്ളവർ വിവരം മുൻകൂട്ടി അറിയിച്ചിരിക്കേണ്ടതാകുന്നു.

മാനേജർ.

# കർമ്മെല കുസുമം.

പുസ്തകം ൧൩)    ൧൯൧൮ മെയി    (ലക്കം ൫.


## നമ്മുടെ മൂന്നുശത്രുക്കൾ.

### II.

(D. J.)

ഒരാൾ അതിന്റെ (ലോകത്തിന്റെ) കൈയിൽ അകപ്പെട്ടുപോയാൽ ലോകത്തിൽ കാണുന്നത്

അസ്ഥിരതയും ഉഗ്രതയും

ആണ്. അതു എല്ലാപ്രകാരത്തിലും ഒരു ഭയങ്കരസ്വാമിനിയാണ്. അവൾ സ്നേഹത്താലല്ല ഭരിക്കുന്നത്; പിന്നയൊ തൎജ്ജനത്താലത്രെ. ലോകത്തിൽ മനുഷ്യൻ അസ്ഥിരനാണല്ലൊ. ഒരിക്കൽ ശരണവും മറെറാരിക്കൽ നിരാശയും അവനെ പിന്തുടരുന്നു. ലോകത്തിന്റെ വാഗ്ദാനങ്ങളെ അതു നിറവേററാതെ അതിന്റെ ഭക്തരെ നിരാശപ്പെടുത്തുന്നു. അതിന്റെ ബലം ചതിയിലും വാഗ്ദാനലംഘനത്തിലുമാണ്. അതു തരുന്നവതന്നെ ശാശ്വതമല്ലാത്ത വസ്തുക്കളാണ്. വിശുദ്ധ മാൎപ്പാപ്പാമാരുടെ കിരീടാഘോഷാവസരത്തിൽ നിൎവ്വഹിക്കപ്പെടുന്ന ഒരു പുരാതന ചടങ്ങു ഇതിനെ വ്യക്തമായി ഉദാഹരിക്കുന്നു. പാപ്പായുടെ മുമ്പിൽവച്ചു കുറച്ചു പഞ്ഞികത്തിക്കയും അപ്പോൾ ഗായകസംഘം "ഇപ്രകാരം ലോകമഹിമ കടന്നുപോകുന്നു"യെന്നു പാടുകയും ചെയ്യുന്ന ക്രമം ഇതഃപൎയ്യന്തം നടന്നുവരുന്ന ഹൃദയാകൎഷകമായ ഒരു സംഗതിതന്നെയാണ്. എന്നാൽ നേരെമറിച്ചാണ് ലോകം പഠിപ്പിക്കുന്നത്. അതിന്റെ കപടസന്തോഷങ്ങൾ നിലനില്ക്കുന്നുവെന്നു നമ്മെ വിശ്വസിപ്പിക്കാൻ ശ്രമിക്കുന്നു. എങ്കിലും അവ മദ്ധ്യാഹ്ന സൂൎയ്യനിൽ മഞ്ഞെന്നകണക്കെ അപ്രത്യക്ഷീഭവിക്കുന്നു. ലോകദാസന്മാരെല്ലാവരും ഏകകണ്ഠമായി, തങ്ങൾ അനുഭവിച്ച ഭൌമികാശാപാശങ്ങളെല്ലാം കൈപ്പും ആദ്ധ്യാത്മികമായ നഞ്ചുമായി പരിണമിക്കുന്നുയെന്നു പറയുന്നു. ബഹുമാനങ്ങളാലും അധികാരങ്ങളാലും വഞ്ചിക്കപ്പെട്ടവർ ഇവയാൽ തൃപ്തിപ്പെടാതെ അധികമധികം ആഗ്രഹിച്ചു കുഴങ്ങുന്നതായി നാം കാണുന്നു. ഒരിക്കൽ സകലരാലും മാനിക്കപ്പെടുന്ന ഒരാൾ മറെറാരിക്കൽ ഹസിക്കപ്പെടുന്നതായി നാം കാണുന്നുണ്ടല്ലൊ. ഇങ്ങിനെ ലോകത്തെ സേവിക്കുന്നവൎക്കു ശേഷിക്കുന്നതു വികൃതശരീരവും ദുഷ്ടാത്മാവുമാണ് എന്ന് പരിചയം തന്നെ സാക്ഷിക്കുന്നു. ലോകസേവ അവൎക്കു ശുഭകരമായിരിക്കുന്നില്ല. അതിൽ സമ്പാദിച്ചവയെല്ലാം വേഗം ക്ഷയിച്ചു അവർ ദരിദ്രരും നീചരുമായിതീരുന്നു. ലോകം തങ്ങളെ തട്ടിച്ചു എന്ന് ഓൎക്കുന്നതുതന്നെയാണുഅവരുടെ അസഹനീയമായ ചാകാപ്പുഴ. ഇതുകൊണ്ടാണല്ലൊ ലോകത്തെ സ്വൎഗ്ഗമായി കരുതിയിരുന്നവരെല്ലാം ഐകകണ്ഠ്യേന അതിന്റെ നിൎദ്ദയത്വത്തേയും ഉഗ്രമായ കൃതഘ്നതയേയും പശ്ചാത്താപത്തോടെ ഏററു പറയുന്നത്. "ലോകത്താ"ന്മാരെ ഭയം ഒരിക്കലും വിട്ടുപോകു

ന്നില്ല. എപ്പോളാണു അവരുടെ പൊങ്ങച്ചമെല്ലാം അസ്തമിക്കുന്നത് എന്നു അവരറിയുന്നില്ല. എന്തുകൊണ്ടെന്നാൽ ലോകം അതിൻെറ ദാസന്മാരെ കളിപ്പിച്ച് ആകാശംവരെ ഉയൎത്തി പാതാളംവരെ അധഃപതിപ്പിക്കുക അതിൻെറ പതിവാണ്. അനേകനാളത്തേക്കു ലോകത്തിൻെറ വാത്സല്യസുതനായിരുന്ന ബൽത്താസറിനു ഒരു നിമിഷംകൊണ്ടു തൻെറ രാജ്യവും ജീവൻ തന്നെയും നഷ്ടപ്പെട്ടു. യൂറോപ്പിലെ വീഴ്പരാക്രമരാജാക്കന്മാരെ വിറപ്പിച്ചിരുന്ന നെപ്പോളിയൻ ഒരു ദ്വീപിൽ ഏകാന്തവാസം കഴിച്ചു കാലഗതി പ്രാപിച്ചു. എത്രയൊ ധനികർ ദരിദ്രരായി തീൎന്നു എന്നു നാം തന്നെ കണ്ടിരിക്കുന്നു. കീൎത്തിമാന്മാരായിരുന്ന എത്രയൊ ആളുകളുടെ കീൎത്തി ഉഷസ്സിൽ മൂടൽ മഞ്ഞെന്ന, കണക്കെ നശിച്ചുപോയതായി നാം അറിയുന്നു. എത്രയൊ ആളുകൾ ഉന്നത പദവിയിൽനിന്നും വീണ് അന്തൎദ്ധാനം ചെയ്തിരിക്കുന്നു. ലോകസന്തോഷങ്ങളിൽ മുഴുകിയിരുന്ന എത്രയൊ പേർ കഷ്ടതരങ്ങളായ വ്യാധികളാൽ പീഡിതരായി ദുസ്സഹമായ വേദനകളാൽ ക്രൂശിക്കപ്പെട്ടു അകാലമരണം പ്രാപിച്ചിട്ടുണ്ട്. ഇപ്രകാരമാണ് ലോകം അതിൻെറ കൈയിൽ കിട്ടിയാൽ തൻെറ സ്നേഹിതരോടു വൎത്തിക്കുന്നത്. ലോകത്തെ സ്നേഹിച്ചവരുടെ അവസാനവാക്കുകൾ നിരാശയുടെയും പശ്ചാത്താപത്തിൻെറയും കഠിനമായ സ്വരങ്ങളാൽ ദുഃഖാവഹവും ലോകത്തെയും അതിൻെറ വഞ്ചനയേയും ശപിക്കുന്ന ഗൎജ്ജന ശബ്ദങ്ങളാൽ ഭയാവഹങ്ങളുമാണ്. ഇംഗ്ലണ്ടിലെ വൈസ് ചാൻസലരും കർദ്ദിനാളുമായിരുന്ന വുൾസിയുടെ അവസാനഘട്ടം ലോകത്തിൻെറ അസ്ഥിരതയേയും ഉഗ്രതയേയും വിളിച്ചു പറയുന്നുണ്ട്. അദ്ദേഹം തൻെറ ̈നല്ല പ്രായത്തേയും അസാമാന്യ ബുദ്ധിശക്തിയേയും തൻെറ അത്യാഗ്രഹസാദ്ധ്യത്തിനായി വിനിയോഗിച്ച് രാജാവു കഴിഞ്ഞാൽ പിന്നെയുള്ള സ്ഥാനം കരസ്ഥമാക്കി ലോകമതിപ്പെന്ന പ്രകാശത്തിൽ ഉല്ലസിച്ചുകൊണ്ടിരിക്കുമ്പോൾ തന്നിൽ പെട്ടെന്നൊരു മഴക്കാറുണ്ടായി. ലോകം തന്നെ പിടികൂടി. രാജാവിൻെറ അപ്രീതിയും സ്ഥാനനഷ്ടവും ധനനാശവും തനിക്കുശേഷിച്ചു. ഇതിനാലല്ലയൊ താൻ "ഈ ലോകത്തിലെ മിഥ്യാഡംബരമെ! മാഹാത്മ്യമെ! നിന്നെ ഞാൻ വെറുക്കുന്നു. എൻെറ രാജാവിനെ സേവിച്ചതിൽ പകുതി നിഷ്കൎഷയോടുകൂടി ഞാൻ എൻെറ ദൈവത്തെ ശുശ്രൂഷിച്ചിരുന്നുവെങ്കിൽ വാൎദ്ധക്യകാലത്തു ശത്രുക്കൾക്കു എന്നെ കൈയേൾപ്പിക്കുകയില്ലായിരുന്നേനെ" എന്നു പശ്ചാത്തപിക്കുന്നത്.

അതേ, ഇതാണു നമ്മുടെ നാശത്തെ അന്വേഷിക്കുന്ന ലോകം. ഈ ശത്രുവാണ് എവിടെ തിരിഞ്ഞുനോക്കിയാലും നമ്മുടെ ദൃഷ്ടിക്കു വിഷയീഭവിക്കുന്നത്. ഇതുതന്നെയാണു നമ്മേ എല്ലാവിധത്തിലും ഞെരുക്കുന്നത്. ലോകകാൎയ്യങ്ങൾ നമ്മുടെ മനസ്സിനെ ഭ്രമിപ്പിക്കുന്നു. ലോകത്താന്മാർ അവരുടെ ദുർബോധനകളെ നമ്മുടെ കൎണ്ണങ്ങളിൽ വൎഷിക്കുന്നു. ചില ദുരാചാരങ്ങൾ നമ്മുടെ ഹൃദയത്തെ ദൂഷിപ്പിക്കുന്നു. ദുൎമ്മാൎഗ്ഗത്താൽ മലിനപ്പെട്ട വായുവിനെ നാം ശ്വസിക്കുന്നു. നാശത്തിലേക്കു നമ്മെ അടിച്ചുകൊണ്ടു പോകുന്ന വെള്ളച്ചാട്ടത്തിൻെറ മദ്ധ്യേ കാലുതെറ്റുന്ന സ്ഥലത്തു നാം നിൽക്കുന്നു. അതിനാൽ വിചാരിക്കുന്നതു പറയാതെയും, പറയുന്നതു പ്രവൃത്തിക്കാതെയുമിരിക്കുന്ന ഈ ശത്രുവിനോടു എടപെടുന്നതിൽ വളരെ സൂക്ഷ്മവും ഉണർച്ചയും നമുക്കുണ്ടായിരിക്കണമെന്നു സിദ്ധിക്കുന്നു.

ഇനി ഏതു നിലയെയാണു അതിനോടുള്ള പെരുമാററത്തിൽ നാം അവലംബിക്കേണ്ടതെന്നു നമുക്കു ചിന്തിക്കാം. "ഈലോകത്തോടു അനുരൂപപ്പെടേണ്ടാ" എന്ന്, വിശുദ്ധ പൌലോസ് ശ്ലീഹാ പറയുന്നതു നമുക്കനുസരിക്കാം. ഈ ഉപദേശത്താൽ, ആദ്യയുഗങ്ങളിലെ ഏകാന്തവാസികളെപ്പോലെ നാം ,ലോകസംസൎഗ്ഗത്തെ വെടിയണമെന്നാവശ്യപ്പെട്ടിട്ടില്ല. ലോകത്തിൽതന്നെ നമുക്കു വസിക്കാം. എന്നാൽ നാം അതിൻെറ അരുപിയേയും അധൎമ്മ പ്രമാണങ്ങളേയും മൂഢതത്വങ്ങളേയും ദുരാചാരങ്ങളേയും ലജ്ജാവഹങ്ങളായ മോടികളേയും ഉപേക്ഷിച്ച് ലോകകാൎയ്യങ്ങളിൽ ക്രമമായും

മിതമായും പ്രവേശിച്ചു ജീവിച്ചാൽ മതിയാകും. ഏതുസ്ഥിതിയിലായിരുന്നാലും നമുക്കു സത്യക്രിസ്ത്യാനികളായി തീരാം. പ്രപഞ്ചാസക്തി അടങ്ങിയിരിക്കുന്നതു വസ്തുക്കളുമായി നാം ഏതു അതൃപ്തിയോടെ പെരുമാറുന്നു എന്നുള്ളതിലാണ്. പെട്ടെന്നു കടന്നുപോകുന്ന വസ്തുക്കൾക്കു അന്യായ ശ്രേഷ്ഠത കല്പിക്കയാൽ ഇഹലോക വസ്തുക്കളെ അമിതമായി സ്നേഹിക്കുകയും മനഃസാക്ഷിയുടെ സ്വരത്തെ നിഷേധിച്ച് ജനരഞ്ജനയ്ക്കായി ശ്രമിക്കയും നമ്മുടെ സകല പ്രവൃത്തികളേയും നമുക്കു അവശ്യാവശ്യമായ ആ ഏക സംഗതിയുടെ സ്മരണയാൽ നിയന്ത്രിക്കപ്പെടുകയും ചെയ്യുന്നില്ലെങ്കിൽ നിശ്ചയമായിട്ടും നാം ലോകത്താന്മാരും ആദ്ധ്യാത്മിക മൃത്യുവിന്റെ വിഷമേററവരുമാണ്.

ദൃഷ്ടാന്തത്തിന്റെയും സാഹചര്യങ്ങളുടെയും ശക്തി വളരെയാകുന്നു. നാം സാധാരണയായി സംസർഗ്ഗംചെയ്യുന്ന ആളുകളിൽനിന്നു അവരുടെ അഭിപ്രായങ്ങളും സമ്പ്രദായങ്ങളും ആചാരങ്ങളും ക്രമേണ പരാവർത്തിക്കുന്നു. പ്രപഞ്ചാസക്തരുമായി നാം സംസർഗ്ഗംചെയ്താൽ നാമും അപ്രകാരമായിത്തീരും. അതിനാൽ ഏതാദൃശന്മാരുടെ സാമീപ്യം നാം വർജ്ജിക്കണം. ഒരുത്തമ കത്തോലിക്കന് വിശ്വാസവും ഹൃദയശുദ്ധതയും അവയുടെ പൂർണ്ണതയിൽ കാക്കുന്നതിനു ലോകവ്യവഹാരത്തിൽ ഏർപ്പെടുമ്പോൾ പ്രത്യേക ശ്രദ്ധ ഉണ്ടായിരിക്കേണ്ടതാണ്. തന്റെ മതത്തിനും സന്മാർഗ്ഗത്തിനും ഹാനിവരുത്താതെ എല്ലാ സന്ദർഭങ്ങളിലും ലോകവുമായി സമ്മേളിക്കാമെന്നും ദൈവപ്രമാണലംഘനംകൂടാതെ ലോകാശാപാശങ്ങളിൽ നിമഗ്നരാകാമെന്നും ശഠിക്കുന്നത് വലിയ തെററാകുന്നു. കത്തോലിക്കർ തുറക്കരുതാത്ത അനേക വാതിലുകളുണ്ട്. അവർ പ്രവേശിക്കരുതാത്ത അനേക സ്ഥാപനങ്ങളുമുണ്ട്. മാതാപിതാക്കന്മാർ തങ്ങളുടെ കുട്ടികളുടെ ആദിമ അപ്പസ്തോലന്മാരും ഗുരുക്കന്മാരും ദൃശ്യ കാവൽമാലാഖാമാരും ആകുന്നു. കുടുംബത്തെ കത്തോലിക്കാ അന്തരീക്ഷംകൊണ്ടു നിറച്ച് സദുപദേശങ്ങളാലും സൽപ്രവൃത്തികളാലും ഉത്തമ ദൃഷ്ടാന്തങ്ങളാലും പ്രസംഗിക്കേണ്ട അപ്പസ്തോലരും ശാരീരികവും ആത്മികവുമായ അറിവുകളെ പ്രദാനം ചെയ്യേണ്ട ഗുരുക്കന്മാരും തിന്മയിൽനിന്നും കാക്കേണ്ട കാവൽമാലാഖാമാരുമാണവർ. ഇപ്രകാരമുള്ള കടമയെ നമ്മുടെ മാതാപിതാക്കന്മാർ നിറവേററാതെ അകത്തോലിക്കാ സ്കൂളിൽ തങ്ങളുടെ കുട്ടികളെ വിടുകയും വായനയിലും സ്നേഹിതന്മാരെ തെരഞ്ഞെടുക്കുന്നതിലും അന്യായമായ സ്വാതന്ത്ര്യം കൊടുക്കയും ചെയ്യുന്നു. നാം നമ്മുടെ ധനത്തേയും ബുദ്ധിശക്തിയേയും ദൈവസ്തുതിക്കും സഭയുടെ അഭിവൃദ്ധിക്കുമായി ഉപയോഗിക്കാതിരിക്കയും മതനിഷ്ഠയില്ലാത്തവരും ദൈവപ്രമാണത്തെ ലംഘിക്കുന്നവരുമായി ജീവിക്കുകയും ചെയ്യുന്നത് കഷ്ടമല്ലേ? അന്യമതസ്ഥരിൽനിന്നും നമ്മേ വേർതിരിക്കുന്ന മേലദ്ധ്യക്ഷന്മാരോടുള്ള പൂർണ്ണമായ അനുസരണം പ്രദർശിപ്പിക്കാതിരിക്കുകയും സംശയത്തിന്റെയും നിഷേധത്തിന്റെയും ഈ കാലങ്ങളിൽ വിശ്വസിക്കുന്നതിനെ പരസ്യമായി പ്രസ്താവിക്കാതെ ജീവിക്കുകയും മുഖസ്തുതിനിമിത്തം സ്വന്തം കണ്ണുകൾകൊണ്ടു കാണാതെയും ചെവികൊണ്ടു കേൾക്കാതെയും വാകൊണ്ടു സംസാരിക്കാതെയും ലോകത്തെ പ്രസാദിപ്പിക്കുന്നതിനു ശ്രമിക്കയും ചെയ്യുന്നുവെങ്കിൽ നാം നമുക്കുതന്നെ ഒരു വലിയനാശമാണു വരുത്തിക്കൂട്ടുന്നത്. ഇതിനിടവരുത്താതെ ലോകത്തോടു ധൈര്യസമേതം നാം പോരാടണം. ഈ യുദ്ധത്തിൽ നമ്മുടെ പരിശ വിശ്വാസവും, പടത്തൊപ്പി ശരണവും, മാർക്കവചം നീതിയും, ഖഡ്ഗം ദൈവവാക്യവുമായിരിക്കട്ടെ. എന്നാൽ മാത്രമെ നമുക്കു ദൈവത്തെ പ്രസാദിപ്പിക്കാൻ കഴിയൂ. എന്തുകൊണ്ടെന്നാൽ വി. ശ്ലീഹാ "ഞാൻ ലോകത്തെ പ്രസാദിപ്പിക്കുന്നുവെങ്കിൽ ക്രിസ്തുവിന്റെ ദാസനല്ലാ"യെന്നു പറയുന്നു. അതേ, നമ്മുടെ ആത്മാവിനെ രക്ഷിക്കുന്നതിന് നാം പല സംഗതികളെ ഉപേക്ഷിക്കേണ്ടതായിട്ടും നിഷേധിക്കേണ്ടതായിട്ടുമുണ്ട്. ഈ കാര്യത്തിൽ നമുക്കു പുണ്യവാന്മാരുടെ പാദമുദ്രകളെ പിന്തുടന്ന് ദൈവസ്നേഹിതരായിത്തീന്നു ജീവിക്കാം. അപ്പോൾ ലോക

ത്തോടുള്ള നമ്മുടെ നില ആശാസ്യമായിരിക്കും.

ആകയാൽ അധരങ്ങൾക്കു സ്വാദുള്ളതും രുചിക്കു കൈപ്പുള്ളതും പുറം ഭംഗിയുള്ളതും അകം അഴുക്കുനിറഞ്ഞതും നന്മയെ മറന്ന് തിന്മയെമാത്രം സ്മരിക്കുന്നതുമായ ലോകത്തേയും അതിന്റെ കൈക്കാണമായ സ്വല്പ സന്തോഷങ്ങളേയും മായകളേയും സദാ ഭയന്നു നമുക്കു ജീവിക്കാം. അസ്ഥിരമായ അതിന്റെ ആനുകൂല്യത്തേയും സ്തുതിയേയും അന്വേഷിക്കാതെ ക്രിസ്ത്യാനി അഥവാ വേറൊരു ക്രിസ്തു എന്ന കണക്കിൽ നമുക്കു വ്യാപരിക്കാം. എന്നാൽ ഇങ്ങിനെയുള്ള ജീവിതത്തിൽ നമുക്കു ബുദ്ധിമുട്ടുകൾ ഉണ്ടാകും. അപ്പോൾ കർത്താവിനോടുകൂടി സഹിച്ചാൽ മാത്രമേ തന്നോടുകൂടി വാഴുവാൻ സാധിക്കയുള്ളൂ എന്നുള്ള ചിന്ത ആശ്വാസപ്രദമായിരിക്കും. വ്യാധികളാൽ നാം പീഡിക്കപ്പെടുമ്പോൾ ദൈവരക്തംകൊണ്ടു എഴുതപ്പെട്ട തൂങ്ങപ്പെട്ട രൂപത്തെനോക്കി തന്റെ മരണക്കിടക്ക കുരിശും, തലയിണ മുൾമുടിയും, ഔഷധം പുളിച്ച ചാരായവും ശുശ്രൂഷകന്മാർ ക്രൂരഭടന്മാരും, ആശ്വാസകന്മാർ തന്നെ ദൂഷണംപറയുന്ന ജനക്കൂട്ടവും ആയിരുന്നു എന്നു വിചാരിക്കണം. ലോകസമുദ്രത്തിൽ ദുഃഖസങ്കടങ്ങളാകുന്ന തിരകളാൽ നാം അടിക്കപ്പെടുമ്പോൾ നംക്രൂരമാകുന്ന നമ്മുടെ കർത്താവിനെ അഭയംപ്രാപിച്ച് സ്വാസ്ഥതപ്രാപിക്കാം. എന്തുകൊണ്ടെന്നാൽ ദൈവം നമ്മേ ഈ ദുഃഖങ്ങളായ ബേത്‌സയിദാ കുളത്തിൽ മുക്കുന്നതു നമ്മുടെ പാപത്തെ കഴുകിക്കളയുന്നതിനാണ്. ദുഷ്ടർ തഴക്കയും ശിഷ്ടർ സഹിക്കയും ചെയ്യുമ്പോൾ ദൈവവിചാരണയെ ദുഷിക്കാതെ യാതൊരു നന്മയും ചെയ്യാത്ത ദുഷ്ടനില്ലെന്നും ആ നന്മക്കു പരലോകത്തിൽ സമ്മാനമില്ലാത്തതിനാൽ നീതിമാനായ ദൈവം ഇഹത്തിൽ പാരിതോഷികം കൊടുക്കുന്നുവെന്നും യാതൊരു ന്യൂനതയും ഇല്ലാത്ത ശിഷ്ടനില്ലെന്നും ആ ന്യൂനതക്കു പരത്തിൽ ശിക്ഷിക്കാതിരിക്കുന്നതിനായി ഇഹത്തിൽവച്ച് ശിക്ഷിക്കുന്നുവെന്നും വിചാരിച്ച് സമാശ്വസിക്കാം. അഹങ്കാരവികാരങ്ങൾ തമ്മിൽ ജനിക്കുമ്പോൾ ദാവീദിനോടുകൂടി "ഞങ്ങൾക്കല്ല കർത്താവേ! ഞങ്ങൾക്കല്ല, അങ്ങേ നാമത്തിനു സ്തുതിയുണ്ടായിരിക്കട്ടെ" എന്നു പറയാം. ദ്രവ്യാഗ്രഹം നമ്മേ ബാധിക്കുമ്പോൾ "ലോകം മുഴുവനും നേടിയാലും നിന്റെ ആത്മാവു നശിച്ചാൽ ഫലമെന്ത്" എന്ന ദിവ്യരക്ഷകന്റെ തിരുവാക്യത്തെ നമുക്കോർക്കാം. അശുദ്ധാഗ്രഹങ്ങളുണ്ടാകുമ്പോൾ "ഹൃദയവെടിപ്പുള്ളവർ ഭാഗ്യവാന്മാർ എന്തുകൊണ്ടെന്നാൽ അവർ ദൈവത്തെ കാണും" എന്ന സത്യത്തേയൊ "ദൈവസന്നിധിയിൽ എങ്ങിനെ ഞാൻ പാപംചെയ്യും" എന്ന പൂർവ്വയൌസേപ്പിന്റെ വാക്കുകളേയൊ നമുക്കു ധ്യാനിക്കാം. വസ്തുക്കൾ, സ്നേഹിതർ, സംബന്ധക്കാർ മുതലായവർ നമുക്കു നഷ്ടപ്പെടുമ്പോൾ വിശുദ്ധ ഈയോബിനോടുകൂടി "കർത്താവു തന്നു, കർത്താവെടുത്തു, കർത്താവിന്റെ നാമം വാഴ്ത്തപ്പെട്ടതാകട്ടെ" എന്നു പറയാം. ഭോജനപ്രിയം വരുമ്പോൾ "മനുഷ്യൻ അപ്പംകൊണ്ടു മാത്രമല്ല ജീവിക്കുന്നത് പിന്നയൊ ദൈവവായിൽ നിന്നും പുറപ്പെടുന്ന ഓരോ വാക്കുകളാലുമാണെ"ന്നുള്ള മ്ശിഹായുടെ വാക്യത്തെ സ്മരിക്കാം. ഇപ്രകാരം മ്ശിഹായെ അനുകരിച്ച് നമ്മുടെ പേരുകൾ നിത്യായുസ്സിന്റെ പുസ്തകത്തിൽ എഴുതപ്പെടുന്നതിനു ശ്രമിക്കാം.

## പത്തുപ്രമാണങ്ങൾ.

സർവ്വത്തേക്കാൾ മേലായി ദൈവത്തേയും ദൈവത്തെപ്രതി നമ്മെപ്പോലെ നമ്മുടെ അയൽക്കാരനേയും സ്നേഹിക്കണമെന്നുള്ളതാണ് നമ്മുടെ രക്ഷിതാവിന്റെ കല്പനകളിൽ പ്രഥമവും പ്രധാനവുമായിരിക്കുന്നത്. ദൈവംനേരിട്ടും, നിവ്യന്മാർ വഴിയായും, മ്ശിഹാതന്നെയും, ശ്ലീഹന്മാരും തിരുസഭയും മുഖേനയും മനുഷ്യരോടു കല്പിച്ചിട്ടുള്ളവ ഒക്കെയുടേയും സംക്ഷേപം ഇതു തന്നെ. ലോകാവസാനംവരെ ഇതു ദൈവത്തിന്റെ പ്രമാണങ്ങളുടെ സംഗ്രഹമാകുന്നു. സ്നേഹം മടി

യായിരിക്കുന്നില്ല. അതു വാക്കുമൂലമല്ല, ദൈവം പത്തുപ്രമാണങ്ങളിൽ നമ്മോടു കല്പിച്ചിരിക്കുന്ന പ്രവൃത്തികൾമൂലം താനെ തന്നെ പ്രത്യക്ഷമാക്കുന്നു. ഈ പ്രമാണങ്ങളെ നാം അനുസരിക്കുന്നെങ്കിൽ നാം ദൈവത്തെ സ്നേഹിക്കുന്നു എന്ന് തീർച്ചയാക്കാം. എന്നാൽ അവയെ അനുസരിക്കണമെങ്കിൽ അതുകളെപ്പററി നമുക്കു അറിവുണ്ടായേ മതിയാവൂ. ആകയാൽ അതുകളെ കീഴെ പ്രസ്താവിക്കുവാൻ കരുതുന്നു. ദൈവത്തേയും അയൽക്കാരനേയും സ്നേഹിക്കണമെന്നുള്ള മുഖ്യമായ ആ പ്രമാണത്തിൻെറ ഒരു രൂപഭേദം മാത്രമാണ് പത്തുപ്രമാണങ്ങൾ എന്നു നാം ഒന്നാമതായി ധരിക്കണം. സ്നേഹത്തെ അഭ്യസിക്കുന്നതിനുള്ള പ്രവൃത്തികളെ ചെയ്യുന്നതിനും ആ പുണ്യത്തെ നാശത്തിൽനിന്നു രക്ഷിക്കുന്നതിനും നമ്മെ പഠിപ്പിക്കുകയാകുന്നു പത്തുപ്രമാണങ്ങളുടെ ഉദ്ദേശ്യമെന്നും സൂക്ഷ്മാലോചനകൊണ്ടു നമുക്കു അറിയാവുന്നതാണ്. തന്മൂലം പത്തുപ്രമാണങ്ങൾ രണ്ടു തരങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്നു. ചില കാര്യങ്ങളെ ചെയ്യണമെന്നു കല്പിക്കുന്ന അനുസരണരീതിയിലുള്ളവ ഒന്നു, ചിലതെല്ലാം ചെയ്യരുതെന്നു വിലക്കുന്ന വിരോധരീതിയിലുള്ളവ വേറൊന്നു. ദൈവത്തേയും അയൽക്കാരനേയും സ്നേഹിക്കണമെന്നുള്ള ഈ പ്രമാണം ഒരു ജലാശയമായികരുതാം. ഒന്നാമത്തെ ആദം പാപം മൂലം അതിനെ തടഞ്ഞുകളഞ്ഞു രണ്ടാമത്തെ ആദമായ ഈശോമ്ശിഹാ രക്ഷയുടെ ഫലം ധാരാളം ഉണ്ടാകേണ്ടതിനായി അതിനെ തുറന്നുവിട്ടു. ഇതിൽനിന്നു ലോകത്തിൻെറ നാനാഭാഗങ്ങളിലേക്കു ജലം പായിക്കുന്ന പുഴകളാണ് അനുസരണ രീതിയിലുള്ള പ്രമാണങ്ങൾ. വിരോധ രീതിയിലുള്ളവയാകട്ടെ ഈ ജലാശയത്തെ മലിനമാക്കുന്നവയെ എല്ലാം തടയുന്ന ചിറകളാകുന്നു. "എൻെറ നുകത്തെ നിങ്ങളുടെമേൽ തന്നെ വഹിച്ചുകൊൾവിൻ, എന്തുകൊണ്ടെന്നാൽ എൻെറ നുകം മാധുര്യമുള്ളതും എൻെറ ഭാരം ഘനക്കുറവുള്ളതുമാകുന്നു" എന്നിങ്ങനെ ദൈവസ്നേഹത്തിൻെറ മാധുര്യത്തെപ്പററി ന. കർത്താവു അരുളിച്ചെയ്തിരിക്കുന്ന വാക്കുകളുടെ അഗാധമായ അർത്ഥം നമുക്കു മനസ്സിലാകണമെങ്കിൽ പത്തുപ്രമാണങ്ങളെപ്പററി ഈ വിധം നാം കരുതേണ്ടതാണ്.

ഇതിനെ കുറെക്കൂടി വെളിവാക്കുന്നതിനായി സ്വല്പം പ്രസ്താവിക്കാം. ഒന്നാം പ്രമാണം: ദൈവത്തെ സ്നേഹിക്കണമെന്നും ദൈവത്തെ പ്രതിയല്ലാതെ യാതൊന്നിനേയും സ്നേഹിക്കരുതെന്നും കല്പിക്കുന്ന ഒന്നാം പ്രമാണം നമ്മുടെ ഹൃദയത്തെ ദുഃഖിപ്പിക്കയും മലിനപ്പെടുത്തുകയും ചെയ്യുന്ന സകല മനച്ചാഞ്ചില്യകളിൽനിന്നും നമ്മെ സംരക്ഷിക്കുന്നു. അതു, പിശാചിനെ സ്നേഹിക്കുകയും അവനെ ആരാധിക്കുകയും ചെയ്യുന്ന അജ്ഞാനികളുടെയും ഈ ലോകത്തിൻെറ അനിത്യഭാഗ്യങ്ങളിന്മേൽ മനസ്സുപതിക്കുന്ന ചീത്ത ക്രിസ്ത്യാനികളുടെയും നിർഭാഗ്യത്തിൽനിന്നു നമ്മെ കാത്തുസൂക്ഷിക്കുന്നു.

രണ്ടാംപ്രമാണം.— ദൈവത്തിൻെറ തിരുനാമത്തെ ദ്രോഹകരമായി പ്രയോഗിക്കരുതെന്നു മുടക്കുന്ന രണ്ടാംപ്രമാണം ദൈവിക മഹത്വത്തിന്മേൽ നിന്ദ ഉതകാതെ കാക്കയും നമ്മുടെ സ്നേഹം കുറഞ്ഞുപോകാതെ സൂക്ഷിക്കയും ചെയ്യുന്നു. നമുക്ക് ആരുടെപേരിൽ ബഹുമാനമില്ലാതിരിക്കുന്നുവോ അവരെ സ്നേഹിക്കാതിരിക്കുന്നതു സഹജമാണല്ലൊ. മൂന്നാം പ്രമാണം.— ദൈവാരാധനകളെ ചെയ്യണമെന്ന് ആജ്ഞാപിക്കുന്ന മൂന്നാം പ്രമാണം വിഗ്രഹാരാധനക്കാരുടെ നിന്ദാവഹവും മനുഷ്യപ്രകൃതിക്കു യോജിക്കാത്തതുമായ മൂഢഭക്തിയിൽനിന്നു നമ്മെ സംരക്ഷിക്കുന്നു. നമ്മുടെ അദ്ധ്വാനങ്ങളുടെ ശേഷം ആശ്വസിക്കുന്നതിനും നമുക്കു നൽകിയ ദാനങ്ങളെപ്പററി നന്ദിപറയുന്നതിനും പുതിയ ദാനങ്ങളെ പ്രാർത്ഥിക്കുന്നതിനും നമുക്കുള്ള സർവ്വസ്വവും തന്നിൽനിന്നു വരുന്നതും തൻെറതുമാണെന്നു സമ്മതിക്കുന്നതിനുമായി ആഴ്ചയിൽ ഒരുദിവസം നാം വിനിയോഗിക്കണമെന്നുള്ള കല്പനകൊണ്ടു നമ്മുടെ ആത്മികവും ശാരീരികവുമായ ഗുണത്തെ ദൈവം ഉദ്ദേശിക്കുകയും സൃഷ്ടികൾ നമ്മുടെ ഹൃദയത്തെ സ്വാധീനമാക്കാതെ തടുക്കുകയും ചെയ്യുന്നു. നാലാം പ്രമാണം.— നമുക്കു

മേലുള്ളവരിൽ ദൈവത്തെതന്നെ കാണുകയും ദൈവത്തിനു കീഴ്‌വഴങ്ങുകയും ചെയ്‌വാൻ കല്പിക്കുന്ന നാലാംപ്രമാണം കീഴ്‌വഴക്കത്തെ മഹത്വപ്പെടുത്തുകയും മനുഷ്യസമുദായത്തെ സുസ്ഥിരമായ പീഠത്തിന്മേൽ സ്ഥാപിക്കയും ചെയ്യുന്നു. ഒരു ക്രിസ്ത്യാനി, മനുഷ്യനു അല്ല ദൈവത്തിനു കീഴ്പ്പെടുന്നു. അവൻ അദ്ധ്യക്ഷന്മാരിൽ ദൈവത്തെതന്നെ ദൎശിക്കുന്നു. അവർ പറയുന്നതായി അവൻ കേൾക്കുന്നതു ദൈവസ്വരമാകുന്നു. അവരുടെ കല്പനകൾക്കു കീഴ്പെടുമ്പോൾ ദൈവാധികാരത്തിനു കീഴ്പ്പെടുകയത്രെ ചെയ്യുന്നതു്. അതിനാൽ കീഴ്പ്പഴക്കം എപ്പോഴും പരിശുദ്ധമായ ഒന്നാകുന്നു. എന്തെന്നാൽ ദൈവം തന്റെ സ്ഥാനത്തിൽ നമ്മുടെമേൽ കല്പിച്ചാക്കുന്ന അദ്ധ്യക്ഷന്മാർ മധുരശീലികളൊ, കഠിനഹൃദയന്മാരൊ, ഗുണവാന്മാരൊ, തെററുകാരൊ ആയിരുന്നാലും ക്രിസ്ത്യാനികൾ കീഴ്പ്പെടുന്ന ദൈവം എന്നും മാററമില്ലാത്തവനും ശിക്ഷയിലും നന്മയിലും അന്തമില്ലാത്തവനും ആണ്. നാലാംപ്രമാണത്തിൽ കീഴിലുള്ളവരുടേയും മേലാവിലുള്ളവരുടെയും ചുമതലകൾ അടങ്ങിയിരിക്കുന്നു. ദൈവത്തിന്റെ പ്രതിനിധികളായ അദ്ധ്യക്ഷന്മാർ നമ്മയെ പരിപാലിച്ചു പുലൎത്തേണ്ടവരാകുന്നു. ദയയോടും നീതിയോടും സ്ഥിരതയോടും സൂക്ഷ്മതയോടുംകൂടി ദൈവത്തെപ്പോലെതന്നെ അവർ കല്പിക്കേണ്ടവരാകുന്നു. കീഴ്പ്പഴക്കത്തിന്റെയും അധികാരത്തിന്റെയും ഉദ്ദേശ്യം മനുഷ്യൻ നിത്യകാലത്തേക്കു ദൈവത്തെ അനുഭവിക്കുവാൻ ഇടയാകത്തക്കവണ്ണം ഭൂമിയിൽ അവരുടെ ഇടയിൽ സമാധാനവും സ്നേഹവും പരിപാലിക്കുകയാണ്. അഞ്ചാം പ്രമാണം.— നമ്മുടെ ശരീരായുസ്സിനെയും ആത്മികജീവനെയും കൊല, ഇടർച്ച, ദുഷ്പ്രതികാരം, അസൂയ ഇതുകളിൽ നിന്ന് അഞ്ചാംപ്രമാണം സംരക്ഷിക്കുന്നു. ഒരേ കുടുംബാംഗങ്ങളും സഹോദരങ്ങളുമെന്ന നിലയിൽ മനുഷ്യൎക്കു പരസ്പരം ഉണ്ടാകേണ്ട സ്നേഹത്തെ മാററംവരാതെ ഈ പ്രമാണം കാക്കുന്നു. ആറും ഒമ്പതും പ്രമാണങ്ങൾ.— ഇവ കുടുംബങ്ങളുടെ സൽകീൎത്തിയെ പാലിക്കുന്നു. ഇവ നമ്മുടെയും അന്യന്മാരുടെയും നിഷ്കന്മഷതത്വത്തെ നമ്മുടെയും അന്യന്മാരുടെയും ദുരാശകളിൽനിന്നു രക്ഷിക്കുന്നു. കുടുംബസംബന്ധമായ ഐക്യത്തെ കാക്കുകയും നമ്മുടെ സ്നേഹം മലിനീഭവിക്കാതെ സൂക്ഷിക്കയും സൽഗുണങ്ങളോടു സംയുക്തമായിരിക്കുന്ന മനസ്സമാധാനത്തെ നമ്മിൽ നിലനിറുത്തുകയുമാണു ഈ പ്രമാണങ്ങളുടെ ചുമതല. ഏഴും പത്തും പ്രമാണങ്ങൾ,— ഈ പ്രമാണങ്ങൾ ദുഷ്ടന്മാരുടെ അനീതിയിൽനിന്നു നമ്മുടെ വസ്തുക്കളെ സംരക്ഷിക്കുന്നു. ഇവ ദുരാഗ്രഹികളായ ധനവാന്മാരുടെ ആക്രമണത്തിൽനിന്നു സാധുക്കളേയും അബലന്മാരെയും പരിരക്ഷിക്കുന്നു. പരസ്നേഹത്തെ ദുരാഗ്രഹം കീഴ്പ്പെടുത്താതിരിക്കുന്നതിനും അനീതിയുടെ ഫലമായ കലഹങ്ങളിലും ശത്രുത്വങ്ങളിലും വിപ്ലവങ്ങളിലുംനിന്നു മനുഷ്യസമുദായത്തെ പരിരക്ഷിക്കുന്നതിനും ഇതിൽപരമായ ഒരുപശാന്തി വേറൊന്നില്ല. എട്ടാംപ്രമാണം.— എട്ടാംപ്രമാണം നമ്മുടെ സന്മാൎഗ്ഗസ്വഭാവത്തെ സംരക്ഷിക്കുന്നു. കള്ളസാക്ഷി, ആക്ഷേപവാദം, ഏഷണി, അസത്യഭാഷണം ഇതുകളെ വിരോധിച്ചുകൊണ്ടു മനുഷ്യരുടെ ഇടയിൽ പരസ്പരവിശ്വാസത്തേയും അന്യോന്യഭക്തിയേയും ഈ പ്രമാണം കാക്കുന്നു. ഇതുകൾ ഇല്ലാതെപോയാൽ അന്യോന്യഐക്യമൊ ക്ഷേമമൊ ഉണ്ടായിരിക്കയില്ല. മാത്രമല്ല, പരസ്പരവിശ്വാസമില്ലായ്മ, ചതി, കള്ളഭക്തി, വഞ്ചന ആദിയായി സമുദായജീവിതത്തെ ഒരു നിത്യപീഡയാക്കിത്തീൎക്കുന്ന സമസ്ത തിന്മകളും വന്നുഭവിക്കയും ചെയ്യും.

ആകയാൽ പത്തു പ്രമാണങ്ങൾ ദൈവത്തിന്റെയും അയൽക്കാരന്റെയും നേൎക്കുണ്ടാകേണ്ടിയ സ്നേഹത്തിന്റെ ക്രമപ്പെടുത്തപ്പെട്ട ഒരു നിയമം മാത്രമാകുന്നു. ഈ നിയമത്തെ അനുസരിക്കുന്നതു ഏവൎക്കും അത്യന്തം ഗുണാവഹമാണ്. അതിന്റെ ഒരു ഭാഗംപോലും ലംഘിക്കുന്നവൎക്കു ഈ ലോകത്തിൽതന്നെയും അവരുടെ സൎവ്വപ്രധാനമായ നന്മയിൽകൂടിയും ഹാനി ഭവിക്കാതിരിക്കയില്ല. പത്തു പ്രമാണങ്ങൾ ദുഃഖാവഹമായ ഒരു നുകമായും നമ്മുടെ സ്വാതന്ത്ര്യത്തിനു ഒരു പ്ര

തിബന്ധമായും നാം കരുതീട്ടുണ്ടെങ്കിൽ അതു മഹാബദ്ധമാണ്. ദൈവം മനുഷ്യനു നൽകീട്ടുള്ള വിശിഷ്ട ദാനങ്ങളിൽ ഏററം പ്രധാനമായതു് പത്തു പ്രമാണങ്ങളാകുന്നു എന്നതിനെ ഒരുപമകൊണ്ടു തെളിയിക്കാം.

ഒരു വഴിപോക്കൻ മനോഹരമായ ഒരു പട്ടണത്തിലേക്കു നടന്നു പോകുന്നു എന്നു വിചാരിക്കുക. അവിടെ അത്യധികമായ ധനം അവനു സ്വാധീനമാകുമെന്നു തന്നെയല്ല, അവൻെറ ഇഷ്ടകുടുംബം അവനെ പ്രതീക്ഷിച്ചുകൊണ്ടുമിരിക്കുന്നു. പട്ടണത്തിൽ പ്രവേശിക്കുന്നതിനു മുമ്പായി കിഴക്കാംതൂക്കമായ ഒരു വിഷമസ്ഥലം കടക്കേണ്ടതുണ്ട്. ആ പ്രദേശം മുഴുവൻ ഇരുൾകൊണ്ടു മൂടപ്പെട്ടിരിക്കുന്നു. വഴിപോക്കനു് മാൎഗ്ഗദൎശിയാകട്ടെ വിളക്കാകട്ടെ ഇല്ലതാനും. ഈ വിഷമസ്ഥലം കടക്കുന്നതിനു സാധാരണമായതും വീതികുറഞ്ഞതും കാൽ വഴക്കുന്നതുമായി ഒരു പലക മാത്രമേയുള്ളു. ആ വഴിയല്ലാതെ പോകുവാൻ നിവൃത്തിയുമില്ല. കാൽതെററി വീഴുവാൻ വളരെ എളുപ്പമെന്നും അങ്ങനെ പലപ്പോഴും സംഭവിക്കാറുണ്ടെന്നും അവൻ അറിഞ്ഞിട്ടുമുണ്ട്. ധൎമ്മിഷ്ഠനായ ഒരു മാൎഗ്ഗദൎശി പാന്ഥൻെറ കൈ പിടിച്ചു് കടത്തിവിടുവാൻ വരുന്നെന്നും അയാൾ ആ പലകയുടെ ഇരു ഭാഗങ്ങളിലും അഴിയിടുകയും വിളക്കു വെക്കുകയും ചെയ്തു എന്നും ഇരിക്കട്ടെ. ആ ധൎമ്മിഷ്ഠനായ മാൎഗ്ഗദൎശിയുടെ പ്രവൃത്തി അനീതിയായി ആരെങ്കിലും വിചാരിക്കുമോ? വഴിപോക്കനെ കൈപിടിച്ചു നടത്തുകയും മഹാപകടത്തിൽനിന്നു രക്ഷിക്കയും ചെയ്യതുകൊണ്ടു അയാൾ ഒരു ക്രൂരനെന്നു കരുതപ്പെടുമോ? ഇതിൻെറ താല്പൎയ്യം സ്പഷ്ടമാണല്ലോ. സഞ്ചാരി ഈ ലോകവാസിയായ മനുഷ്യനാണ്. സൌഭാഗ്യവും സ്നിഗ്ദ്ധകുടുംബവും പാൎത്തിരിക്കുന്ന പട്ടണം സ്വൎഗ്ഗം തന്നെ. വിഷമസ്ഥലം നരകവും, ബലം കുറഞ്ഞതും വിസ്താരമില്ലാത്തതും കാൽ തെററുന്നതുമായ പലക ഐഹികജീവിതവുമാകുന്നു. ധൎമ്മിഷ്ഠനായ മാൎഗ്ഗദൎശി ദൈവം തന്നെ. പലകയുടെ ഇരുവശങ്ങളിൽ പണി ചെയ്ത അഴികളും അവയിൽ സ്ഥാപിക്കപ്പെട്ട വിളക്കുകളും ദൈവപ്രമാണങ്ങളത്രേ.

ആകയാൽ സ്വന്ത ദുരാഗ്രഹങ്ങളെ മാത്രം അനുഗമിക്കുന്നു് വിഷയേച്ഛുക്കളും വേദബോധമില്ലാത്ത ക്രിസ്ത്യാനികളും പത്തു പ്രമാണങ്ങൾ അസഹ്യമായ വിലങ്ങാകുന്നു എന്നു പറഞ്ഞുകൊള്ളട്ടെ. ഹാ! ദൈവമെ! പത്തു പ്രമാണങ്ങൾ നിൻെറ ഏററം വലുതായ ഒരനുഗ്രഹമാകുന്നെന്നു ഞങ്ങൾ സമ്മതിച്ചു പറയുന്നു. ആയുഷ്കാലത്തിൽ ദുരാശകൾക്കു അടിമകളാകാതെയും മരണശേഷം ശാപക്കുപത്തിൽ വീഴാതെയും ഇരിക്കേണ്ടതിനായി അവയെ ഭംഗമില്ലാതെ കാത്തുകൊള്ളാമെന്നു ഞങ്ങൾ പ്രതിജ്ഞ ചെയ്യുന്നു.

(തുടരും.)

[illegible]

---

## വിശുദ്ധ ബത്തലൂമ്മൈയുടെ അന്ന എന്ന ധന്യയുടെ ജീവചരിത്രം

൧൯൧൪ ഫെബ്രുവരി ൨൭-ാംനു- കൎമ്മലീത്താ നിഷ്പാദുകസഭയിലെ വിശുദ്ധ ബത്തലൂമ്മൈയുടെ അന്ന എന്ന പൂജ്യകന്യകയുടെ മാദ്ധ്യസ്ഥംമൂലം സംഭവിച്ച രണ്ടത്ഭുതങ്ങളെ ആഘോഷസമേതം അംഗീകരിച്ചുറപ്പിക്കയും അവരെ ധന്യ എന്നു നാമകരണംചെയ്തയും ചെയ്ത അവസരത്തിൽ പരിശുദ്ധ പിതാവായ ൧൦-ാം ബനദീക്തോസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു കല്പിച്ചരുളിയ പ്രസ്താവം.

വി. ബത്തലൂമ്മൈയുടെ അന്ന എന്ന പൂജ്യകന്യകയുടെ മാദ്ധ്യസ്ഥംമൂലം ദൈവം ചെയ്ത രണ്ടു മഹാ അത്ഭുതങ്ങളെ ആഘോഷസമേതം അംഗീകരിക്കയാൽ കൎമ്മലീത്താസഭ ഒട്ടുക്കമുളവായിട്ടുള്ള സന്തോഷാതിരേകത്തിൽ നാമും അനുയോജിക്കയും അപ്രകാരം ചെയ്യുന്നതിനു നമ്മുടെ ആളിന്നടുത്തതും നമ്മുടെ സ്ഥാനത്തിനടുത്തതുമായ ഇരുവക ന്യായങ്ങളാൽ നാം പ്രേരിതനാകയും ചെയ്യുന്നു. വിശുദ്ധ ത്രേസ്യായുടെ വിശ്രുതസഭാംഗങ്ങളുമായി നമുക്കു ബാല്യദശയിലും സ്വദേ

ശത്തുവച്ചും ഉണ്ടായിട്ടുള്ള പരിചയത്തെപ്പറ്റി അധികമാകിട്ടൊന്നും ഇവിടെ പറയാൻ കരുതുന്നില്ല. ആ സഭയുടെ യോഗ്യനായ പൊതുശ്രേഷ്ഠൻ സഭയൊക്കെയുടേയും നാമത്തിൽ ഇപ്പോൾ കാണിച്ചിട്ടുള്ള ആഹ്ളാദത്തിൽ നാമും ഓഹരിക്കാരാകുന്നതിന് അതിൻെറനേക്കു നമുക്കുള്ള മതിപ്പു വേണ്ടുവോളം മതിയായിരിക്കുന്നതാണ്. എന്നുവരികിലും നാം മുമ്പ് സ്പെയിനിൽ താമസിച്ചിരുന്ന അവസാനഘട്ടത്തിൽ ആൽബായിലെ കന്യകാശ്രമത്തെ സന്ദശിച്ചപ്പോൾ നമ്മിൽ ഉളവായ അതിയായ സന്തോഷം ഇന്നും നമ്മുടെ സ്മരണയിൽ ഉണ്ടായിരിക്കുന്നു എന്നുള്ളതു ഇവിടെ പ്രസ്താവ്യമാണ്.

ആ സംഭവം നടന്നിട്ട് ഇപ്പോൾ മുപ്പതു വഷം ആയിട്ടുണ്ടെങ്കിലും ഇന്നലെ സംഭവിച്ചതുപോലെ തോന്നുന്നു. തദവസരത്തിൽ വിശുദ്ധ ത്രേസ്യായുടെ അമൂല്യമായ അവശിഷ്ടം സന്ദശിച്ച സമയം നമ്മുടെ ഹൃദയത്തിൽ തട്ടിയ ഭക്തിവികാരങ്ങൾ ഇപ്പോഴും നമ്മുടെ ചിന്തയിൽ സ്ഫുരിച്ചുകൊണ്ടിരിക്കുന്നു. തിരുസഭയ്ക്കു നേരിട്ട തുലോം വ്യസനകരമായ ആപല്ക്കാലത്തിൽ പ്രസ്തുത വിശുദ്ധാവശിഷ്ടത്തിൽ പെട്ടെന്നു പ്രത്യക്ഷമായ മുള്ളുകൾ കമ്മെലീത്താസഭയെ നവീകരിച്ച ആ മഹാ പുണ്യവതിയുടെ അരൂപി ക്രൂസ്ത്യാനികളുടെ ഇടയിൽ സദാ ഉണന്നുകൊണ്ടിരിക്കുന്നു എന്നും ഇങ്ങനെ അവരുടെ സന്തോഷസന്താപങ്ങളിൽ പങ്കുകൊള്ളുന്നുണ്ടെന്നും കാണിക്കുന്ന ലക്ഷ്യങ്ങളത്രെ. എങ്കിലും തിരുസഭയുടെ നിരന്തരമായ ദുഃഖാനത്ഥങ്ങളെ ജ്ഞാപകപ്പെടുത്തുന്ന ആ മുള്ളുകളോടൊരുമിച്ച്, ചെറുപുഷ്പങ്ങൾ കൂടെയും വളരുന്നുണ്ടെന്നു വിശുദ്ധ ത്രേസ്യാ ഇന്നേദിനം തൻെറ വിശ്വസ്തക്കൂട്ടുകാരിയായ വി. ബത്ത്ലൂമ്മെയുടെ അന്നയെന്നു പേർ വിളിക്കപ്പെടുവാൻ പോകുന്നതിനെ കണ്ടാനന്ദിക്കുന്നുണ്ടെന്നും നാം വിചാരിക്കുന്നു. കമ്മെലീത്താസഭയുടെനേക്കു നമുക്കുള്ള ആദരവിനെ ഉജ്ജ്വലിപ്പിക്കുമാറ്, ആ സഭാസ്ഥാപകയുടെ ശവകുടീരത്തെ നാം സന്ദശിച്ച വൃത്താന്തത്തെ നമ്മെ പലപ്പോഴും ഓമ്മപ്പെടുത്തീട്ടുള്ള വിശുദ്ധ ത്രേസ്യായുടെ പുത്രിമാരും, ഇന്നു തങ്ങളുടെ സഹോദരിക്കു ധന്യയെന്നുള്ള ബഹുമതി വേഗത്തിൽ നൽകുന്നതിന് അല്പനായ നമ്മെ കത്താവ് ഉപയോഗിച്ചതിനെപ്പറ്റി അവിടുത്തെ സ്തുതിക്കുന്നതിൽ നമ്മോടും നവീകൃതമായ കമ്മെല സഭയിലെ സന്താനങ്ങൾ ഏവരോടും അനുയോജിക്കാതിരിക്കയില്ലല്ലൊ.

എന്നാൽ പരിശുദ്ധ കമ്മെലനായികയുടെ നവീകൃതസഭയ്ക്കു ഇന്നു സിദ്ധിച്ചിരിക്കുന്ന ഭാഗ്യത്തിൽ ഭാഗഭാക്കുകളാകുന്നതിനു നമ്മുടെ സ്വന്ത ന്യായങ്ങളെക്കാൾ നമ്മുടെമേൽ ചുമത്തപ്പെട്ടിരിക്കുന്ന ഉന്നതസ്ഥാനത്തിനടുത്ത ന്യായങ്ങൾ ഏററം ഉപരിയായി നിൽക്കുന്നു. നമ്മെ ഭരമേല്പിക്കപ്പെട്ടിരിക്കുന്ന അജഗണത്തിൻെറ ഗുണാഭിവൃദ്ധിയിൽ വെക്കേണ്ട ശ്രദ്ധമൂലം ക്രിസ്തീയജനങ്ങളുടെ ഇടയിൽ ഭക്തിസംവദ്ധകമായ സഭകൾ സവ്വത്ര വ്യാപിച്ചുകാണുന്നതിനുള്ള അഭിലാഷം നമ്മുടെ ഹൃദയത്തിൽ അങ്കുരിക്കുന്നു. ഈ പരമോദ്ദേശ്യം സാധിക്കുന്നതിന് അവശ്യം വേണ്ടതു്, ഏതാദൃശങ്ങളായ സഭകളുടെ യോഗ്യത എല്ലാവരും വ്യക്തമായി അറിയുകയത്രെ. എന്നാൽ ദൈവം അങ്ങേ വിശ്വസ്തദാസിയുടെ മാദ്ധ്യസ്ഥം വഴിയായി ചെയ്തിട്ടുള്ള അത്ഭുതങ്ങൾ ഈ വിശിഷ്ടദാസിയുടെ പുണ്യയോഗ്യതകളെ സ്ഥിരീകരിക്കുന്നതിലേക്കായി അവിടുന്നു പതിക്കുന്ന മുദ്രയല്ലാതെ മറെറന്താണ്? അപ്രകാരംതന്നെ ഒരു ക്രിസ്തീയ കുടുംബത്തിലെയൊ ഒരു സന്ന്യാസ സഭയിലെയൊ അംഗത്തിൻെറ മാദ്ധ്യസ്ഥംമൂലം സവ്വേശ്വരൻ ചെയ്യുന്ന അത്ഭുതങ്ങൾ, അവിടുന്ന് ആ കുടുംബത്തെയൊ, ആ സഭയേയൊ എത്രയൊ കനിവോടുകൂടി കടാക്ഷിക്കുന്നു എന്നുള്ളതിൻെറ വ്യക്തമായ ലക്ഷ്യങ്ങളല്ലയൊ? ആയതുകൊണ്ട് ഇന്നേദിനം വിശുദ്ധ ബത്ത്ലൂമ്മെയുടെ അന്നയെന്ന സംപൂജ്യയായ കന്യകമൂലം സംഭവിച്ചിട്ടുള്ള രണ്ടു അത്ഭുതങ്ങളുടെ അംഗീകാരം കമ്മെലീത്താസഭയ്ക്കു സിദ്ധിപ്പാനിരിക്കുന്ന നവമായ വദ്ധനവിൻെറയും പ്രാബല്യത്തിൻെറയും ഏററവും ശുഭസൂചകമായി നാം കരുതേണ്ടിയിരിക്കുന്നു. ക്രിസ്തീയ പുണ്യപൂണ്ണതയെ പ്രാപിപ്പാൻ

അത്യാശപൂണ്ടിരിക്കുന്ന വളരെ ആളുകൾ, കർമ്മലസഭയിലെ അദ്ധ്യാത്മ പൂങ്കാവുകളിൽ വളർന്ന ഈ സുഗന്ധപുഷ്പത്തിന്റെ സൌരഭ്യത്തെ അനുഗമിക്കയും ഇപ്രകാരം ക്രിസ്തീയജനത ലോകത്തെ ആനന്ദിപ്പിക്കുന്ന ഈ പുതിയ പുണ്യദൃഷ്ടാന്തങ്ങളിൽനിന്നും, അവർക്കുവേണ്ടി ഈ മഹാത്മാക്കൾ സ്വർഗ്ഗത്തിലേക്കു ഉയർത്തുന്ന നിരന്തര പ്രാർത്ഥനകളിൽനിന്നും നിരവധി നന്മകൾ ലഭിക്കയും ചെയ്യുന്നതാണ്. ഇപ്രകാരമുള്ള ഒരു സന്യാസ സഭയുടെ ഗുണാഭിവൃദ്ധിയെ കണ്ടാനന്ദിക്കുന്ന സകല മാനപേരുടെയും ഏകോപിച്ചുള്ള സ്തോത്രഗീതവും ഇന്നത്തെ നിങ്ങളുടെ സന്തോഷകീർത്തനത്തോടു യോജിക്കേണ്ടിയിരിക്കുന്നു. എന്തെന്നാൽ ഇതിൽ ഏതാനും സഭാംഗങ്ങളുടെ മാത്രമല്ല, ഈശോമ്ശിഹായുടെ ജ്ഞാനശരീരമായ തിരുസഭ ഒക്കെയുടേയും ഗുണാഭിവൃദ്ധിയെ തിരുസഭാശ്രേഷ്ഠാചാര്യനെപ്പോലെ ഹൃദയപൂർവ്വം ആകാംക്ഷിക്കുന്ന സകലർക്കും സന്തോഷിപ്പാൻ എല്ലാപ്രകാരേണയും ന്യായമുണ്ടായിരിക്കുന്നു എന്നുള്ളതു സ്പഷ്ടമായ കാര്യമാണല്ലൊ. എന്നാൽ സന്യാസ സഭകളുടെ വർദ്ധനവുനിമിത്തം തിരുസഭ ഒട്ടുക്കു് എത്രമാത്രം പ്രയോജനങ്ങൾ സിദ്ധിക്കുന്നതാണെന്നു് ഇവിടെ സവിസ്തരം പ്രസ്താവിപ്പാൻ സമയച്ചുരുക്കംകൊണ്ടു തരമില്ല. അതിനാൽ നാം ഈ സുദിനത്തിൽ അനുഭവിക്കുന്ന ഹൃദയാനന്ദം, കർമ്മലീത്താനിഷ്പാദുക സഭയെപ്പറ്റിയുള്ള സവ്യക്തമായ അറിവു് സർവ്വത്ര വ്യാപിക്കുന്നതോടുകൂടി ഏതാനും ആളുകൾക്കുമാത്രമല്ല സമസ്ത ക്രിസ്തീയലോകത്തിനും നിരവധി നന്മകൾ ഉളവാകുമെന്നുള്ള സുസ്ഥിരമായ നമ്മുടെ പ്രതീക്ഷയിലത്രേ ആസ്പദമായിരിക്കുന്നതു്.

[illegible]

## വിശ്വാസപ്രചാരതല്പരത

ലോകമൊട്ടുക്കുമുള്ള കത്തോലിക്കരുടെ ഇടയിൽ പൂർവ്വാധികം വിളങ്ങി ശോഭിക്കുന്ന ഒരു സൽഗുണമാകുന്നു വിശ്വാസപ്രചാരതല്പരത. തിരുസഭയുടെ ആദിമകാലങ്ങളിൽ മുഖ്യമായി ശ്ലീഹന്മാരിലും പിന്നീടു മെത്രാന്മാർ, ഗുരുക്കൾ മുതലായ വൈദികരിലും പ്രശോഭിച്ചുകൊണ്ടിരുന്നതും അനേക ജാതിക്കാരുടെയും രാജ്യക്കാരുടെയും മാനസാന്തരത്തിന്നു ഹേതുഭൂതമായതുമായ ഈ സുകൃതം നമ്മുടെ ഇക്കാലങ്ങളിൽ ക്രിസ്തീയ ജനത മുഴുവനിലും വ്യാപിച്ചിരിക്കുന്നതായി കാണുന്നതു സന്തോഷകരം തന്നെ. മുമ്പത്തെപ്പോലെ ഇപ്പോഴും ഈ സദ്വിഷയത്തിൽ നായകന്മാരായി നില്ക്കുന്നതു മെത്രാന്മാരും ഗുരുക്കളും തന്നെയാണ്. എങ്കിലും പ്രാർത്ഥന, ദാനം, ആത്മത്യാഗം എന്നിവയാലെ വൈദികരുടെ ബുദ്ധിമുട്ടിനെ സർവ്വാത്മനാ ലഘൂകരിച്ചും അവരെ സഹായിച്ചും വരുന്ന ഉദാരബുദ്ധികളായ കത്തോലിക്കാജനതയെ വിസ്മരിക്കാവതല്ല. ഫ്രാൻസ്, അമ്മേരിക്കാ, ജർമ്മനി, ഇംഗ്ലണ്ടു് ആദിയായ രാജ്യങ്ങളിൽ കത്തോലിക്കർ ഇതിന്നായി എത്രയൊ ലക്ഷം പവനാണു ആണ്ടുതോറും ശേഖരിച്ചു് ഇൻഡ്യാ, ചൈനാ, ആഫ്രിക്കാ മുതലായ രാജ്യങ്ങളിലേക്കു് അയച്ചുകൊണ്ടിരുന്നതു്. വീടും നാടുംവിട്ടു പർവ്വതങ്ങളും വിസ്താരമേറിയ കടലുകളും കടന്നു് ആകൃതിയിലും പ്രകൃതിയിലും അപരിഷ്കൃതരായ ജാതികളുടെ പക്കൽവന്നു സകലവിധ കഷ്ടതകളും സഹിച്ചു് മ്ശിഹായുടെ നാമത്തെ പ്രസംഗിക്കുന്നതിൽ ബദ്ധശ്രദ്ധരായിരിക്കുന്ന മിഷ്യനറിമാരുടെ സംഖ്യ ഇപ്പോൾ അയ്യായിരത്തിൽപ്പരമാണെന്നു കാണുന്നു. കാര്യലാഭമൊ സുഖലബ്ധിയൊ എള്ളോളമില്ലാത്ത ഈ ജോലിയിൽ ജീവനെപ്പോലും തൃണതുല്യം കരുതി, സുവിശേഷം അറിയിക്കുന്നതുതന്നെ തങ്ങൾക്കു സർവ്വഭാഗ്യവുമെന്നുള്ള ബോധത്തോടുകൂടി പ്രയത്നിക്കുന്ന ഈ പുരുഷശിരോമണികളുടെ ധീരതയും മ്ശിഹായോടുള്ള അവരുടെ സ്നേഹവും ഇത്രയെന്നു പറവാൻ പ്രയാസം. ഈ വന്ദ്യപുരോഹിതന്മാരെ പിന്തുടർന്നു് അനേകായിരം കന്യകകളും പരോപകാരാർത്ഥം വേലചെയ്യുന്നുണ്ടു്. കുരുടന്മാരെയും ഊമകളെയും വൃദ്ധന്മാരെയും കുഞ്ഞുങ്ങളെയും ദീനക്കാരെയും ദരിദ്രരേയും മാതൃസ്നേഹത്തേയും പിതൃവാത്സല്യ

ത്തേയും ഒരുമിച്ചു ജയിക്കത്തക്ക സ്നേഹത്തോടുകൂടി ശുശ്രൂഷിക്കുന്ന ഈ സ്ത്രീരത്നങ്ങളുടെ ഈ സ്വാർത്ഥപരിത്യാഗം എന്തിനായിട്ടും ആരെക്കുറിച്ചുമാണെന്നു വായനക്കാർതന്നെ തീർച്ചപ്പെടുത്തട്ടെ. ആത്മാക്കളുടെ വിലയായി ദൈവപുത്രൻ ചിന്തിയ രക്തത്തെ ഒരുവിധത്തിലെങ്കിലും മതിക്കുന്നതിന് അറിയാവുന്ന ഇവർ തങ്ങൾക്കുള്ള സകലത്തേയും, ജീവനെപ്പോലും ഒരാളുടെ മാനസാന്തരത്തിനായി പൂജിപ്പാൻ തയാറുള്ളവരത്രെ. ആത്മാക്കളുടെ രക്ഷ എന്ന ഒരു കാര്യമേ അവർ ആഗ്രഹിക്കുന്നുള്ളു. മ്ശിഹായുടെ മുഖത്തിൽ നിന്നും ഒരു പുഞ്ചിരിമാത്രം ലഭിക്കുമെങ്കിൽ അവർ സന്തുഷ്ടരാകും. നിത്യരക്ഷയെ പ്രദാനം ചെയ്യുന്ന സമാധാനത്തിന്റെ ഈ സൈന്യത്തെ പോക്കുളമാകുന്ന മിസ്സങ്ങളിലേക്കു യാത്രയാക്കിയതിന്റെ ശേഷം, അവക്കു ആവശ്യമായ സകലത്തേയും യഥാവസരം അയച്ചുകൊടുക്കുന്നതിന്നായി അനേകർ കത്തോലിക്ക് കേന്ദ്രസ്ഥാനങ്ങളിൽ ഉദ്യോഗപ്പെട്ടിരിക്കുന്നു. ചിലർ വിശ്വാസികളിൽനിന്നു പണം പിരിച്ചു ശേഖരിക്കുന്നു. മററു ചിലർ മ്ശിഹായുടെ വാത്സല്യക്ഷണം സ്വീകരിച്ച ദൈവഭക്തരായ യുവാക്കളെ മിഷ്യനറി ജോലിക്കായി അഭ്യസിപ്പിക്കുന്നു. വേറെ ചിലർ പ്രസംഗങ്ങൾ വഴിയായും ഭക്തപത്രങ്ങൾ വഴിയായും ജനസാമാന്യത്തിൽ വിശ്വാസപ്രചാരതല്പരതയെ വ്യാപിപ്പിക്കുന്നു. ഇങ്ങിനെ ദൈവരാജ്യം വിസ്തീർണ്ണപ്പെടുത്താനായി ഒരു വലിയ സൈന്യം സർവ്വഥാ പ്രയത്നിച്ചുകൊണ്ടിരിക്കുന്നു. കുസുമവായനക്കാരായ മാന്യന്മാരും ഈ വിഷയത്തിൽ ഇതഃപര്യന്തം എന്തു പ്രവർത്തിച്ചുവെന്നും ഇനി എന്തു പ്രവർത്തിക്കാൻ കരുതുന്നുവെന്നും ആലോചിക്കേണ്ടതാണ്.

ഫ. 2. മ്പ്.

---

## കത്തോലിക്കാ ഉപദേശത്തിന്റെ ഒരു വിവരണം. (തുടർച്ച)

---

സഭാപാരമ്പര്യത്തെ പിന്താങ്ങുന്ന ഏതു ന്യായമായ മെത്രാനും, പുതിയ നിയമങ്ങളിലെ മിക്ക പുസ്തകങ്ങളും എഴുതിതീർന്ന ഒരു സന്ദർഭമായ ശ്ലീ. യോഹന്നാൻ ഏവൻഗേലിസ്താ, തന്റെ വാർദ്ധക്യകാലത്തു്, പറഞ്ഞതിനെതന്നെ പറയാവുന്നതാണ്. "ഞങ്ങൾ ദൈവത്തിൽനിന്നുള്ളവരാകുന്നു. ദൈവത്തെ അറിയുന്നവൻ ഞങ്ങളെ കേൾക്കുന്നു. ദൈവത്തിൽ നിന്നല്ലാത്തവൻ ഞങ്ങളെ കേൾക്കുന്നില്ല. ഇതിൽനിന്ന് സത്യത്തിന്റെ അരൂപിയേയും (റൂഹായേയും) അബദ്ധത്തിന്റെ അരൂപിയേയും ഞങ്ങൾ അറിയുന്നു." (ശ്ലീ. യോഹന്നാൻ അ. ൪. വാ. ൬)

അക്കാലത്തെ പതിതരേപ്പററി ശ്ലീ. ഇറെനേയൂസ്സ് ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു. "ശ്ലീഹന്മാരിൽനിന്നു ലഭിക്കയും പട്ടക്കാരുടെ പിന്തുടർച്ചയാൽ സഭയിൽ സൂക്ഷിച്ചുവെച്ചിരിക്കയും ചെയ്യുന്ന പാരമ്പര്യത്തിനു ഞങ്ങൾ അവരെ പോരിനു വിളിയ്ക്കുന്നു. (Against Heresies, book III chap. II) ഒറിജൻ ഇങ്ങനെ പറയുന്നു:– "ദൈവത്തിന്റെ സഭകളാൽ പിന്തുടർച്ചയായി നമുക്കു നൽകപ്പെട്ടിരിക്കുന്നതൊഴികെ നമുക്കു യാതൊന്നും വിശ്വസിക്കാവുന്നതല്ല." (Book III Commentary on St. Mathew.)

ശ്ലീ. ക്രിസൊസ്റ്റോം ഒരു മതസിദ്ധാന്തമായി ഇപ്രകാരം പറയുന്നു:– "അതു (സഭയിലെ) ഒരു പാരമ്പര്യമാകുന്നു. അതിലധികമായി ഒന്നും അന്വെഷിക്കേണ്ടാ." (Comentary on the passage 2 Thexalonians II 14. book XI Homily 4)

പാരമ്പര്യത്തിന്റെ ഏതാനുംഭാഗം എഴുതിവെച്ചതുകൊണ്ടു അതിന്റെ അധികാരം നശിച്ചുപോയെന്നു ഊഹിക്കുന്നതു്, സീനാ പർവ്വതത്തിൽവെച്ചു് പത്തു കല്പനകളെ എഴുതിയതുമുതൽ സ്വാഭാവിക പ്രമാണം ശൂന്യമായിപ്പോയെന്നു പറയുന്നതുപോലെ അത്ര അബദ്ധമാകുന്നു.

ഈ രണ്ടു ദിവ്യവചനങ്ങളിൽവെച്ചു നമുക്കു അധികം പ്രയോജനകരമായതു ഏതാണെന്നു ചിലർ ചോദിച്ചേക്കാം. മുൻപ്രസ്താവിച്ച പിതാക്കന്മാർ ഈ ചോദ്യത്തിനു മറുപടി പറഞ്ഞതായി വിചാരിക്കാവുന്നതാണ്. അതുകൊ

ണ്ട് ഒരു ഉദാഹരണം മാത്രമേ ഇവിടെ പറയുന്നുള്ളൂ. ശ്ലീ. യോഹന്നാൻെറ ശിഷ്യനും ശ്ലീ. പൊലിക്കാർപ്പിൻെറ സ്നേഹിതനും ആയ ഹീറാപ്പോലീസിലെ പരിശുദ്ധ മെത്രാൻ പപ്പിയാസ് പാരമ്പര്യത്തെ സംബന്ധിച്ച് താഴെവരുംപ്രകാരം പറയുന്നു. "മൂപ്പന്മാരുടെകൂടെ നടന്നിരുന്നവർ വല്ലവരും എൻെറ അടുക്കൽവന്നാൽ അന്ത്രയോസും പത്രോസും എന്തുപറഞ്ഞു എന്നു ഞാൻ അവരോടു ചോദിക്കാറുണ്ടായിരുന്നു. എന്തുകൊണ്ടെന്നാൽ ജീവനുള്ളതും നിലനിൽക്കുന്നതുമായ വാക്കിൽനിന്നു ലഭിക്കുന്നെടത്തോളം സഹായം പുസ്തകങ്ങളിൽനിന്നു ലഭിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല." യൂസേബിയൂസ് (Eusebius 6. III. p. 39.

വേദപുസ്തകവും പാരമ്പര്യവും പറുദീസായിൽ നിന്നൊഴുകുന്ന രണ്ടു പരിശുദ്ധ നദികളെപ്പോലെയാണ്. അവ രണ്ടും ദൈവവാക്കാകുന്നു. രണ്ടിലും വെളിപ്പെടുത്തപ്പെട്ട സത്യങ്ങൾ അടങ്ങിയിരിക്കുന്നു. ഈ രണ്ടു ദിവ്യ നദികളും അതുകളുടെ ദിവ്യോത്ഭവംമൂലം തുല്യ പരിശുദ്ധതയുള്ളവയും രണ്ടും വെളിപ്പെടുത്തപ്പെട്ട സത്യങ്ങൾകൊണ്ടു നിറഞ്ഞവയുമാണെങ്കിലും രണ്ടിലുംവെച്ചു പാരമ്പര്യം നമുക്കു അധികം വ്യക്തവും ഭദ്രവുമായതാകുന്നു.

ഒന്നാമത് പാരമ്പര്യം അതിനെ വഹിച്ചിരിക്കുന്ന പ്രാമാണ്യതയുള്ള അസംഖ്യം ആളുകളുടെ സാക്ഷ്യംനിമിത്തം സ്വയമേ അതിൻെറ അധികാരബലത്തെ സ്ഥാപിക്കുന്നു. വേദപുസ്തകത്തിനാകട്ടെ അതിൻെറ ദിവ്യാവേശവും നിലനില്പും സ്ഥാപിക്കുന്നതിനു് പാരമ്പര്യത്തെ ആശ്രയിക്കാതെ സ്വയമേ ചെയ്വാൻ സാധിക്കുന്നതല്ല.

രണ്ടാമത്, ഒരു വാക്കിനു രണ്ടോ അതിലധികമോ വ്യത്യാസപ്പെട്ട അർത്ഥങ്ങൾ ഉണ്ടായേക്കാം. ഒരു വാചകം ഈ അർത്ഥങ്ങളിൽ ഒന്നിൽ വാസ്തവമായിരിക്കാനും മറേറതിൽ തെററായിരിക്കാനുംമതി. പിന്നെയും ഒരു വാചകം രൂപകാർത്ഥമായി എടുത്താൽ ശരിയായും അക്ഷരാർത്ഥമായി എടുത്താൽ തെററായുംവരാം. ഒരു പ്രത്യേക മനുഷ്യനെ കുറിക്കുന്നതായാൽ ശരിയായും എല്ലാവരെയും കുറിക്കുന്നതായാൽ തെററായുംവരാം. സൂക്ഷ്മമായ അർത്ഥത്തിൽ എടുത്താൽ ശരിയായും വളച്ചുകെട്ടിയതൊ ഊഹമാത്രമോ ആയ അർത്ഥത്തിൽ എടുത്താൽ തെററായും വന്നേക്കാം. മററുകാര്യങ്ങളെ ഉൾപ്പെടുത്താതെയുള്ള അർത്ഥത്തിൽ വിചാരിച്ചാൽ ശരിയായും ഉൾപ്പെടുത്തുന്ന അർത്ഥത്തിൽ വിചാരിച്ചാൽ തെററായും വരാം. മററു സംഗതികളുടെ കൂട്ടത്തിൽ എടുത്താൽ ശരിയായും അവയെ കൂടാതെ എടുത്താൽ തെററായുംവരാം. ഉപദേശമായ അർത്ഥത്തിൽ എടുത്താൽ ശരിയായും ഒരു ആജ്ഞയായി എടുത്താൽ തെററായും വരാം. അനുവാദാർത്ഥത്തിൽ എടുത്താൽ ശരിയായും ഒരു കാര്യത്തിൽ യഥാർത്ഥ കാരണമായി എടുത്താൽ തെററായും വരാം. ഒരു വ്യാഖ്യാതാവിനെ ആവശ്യമുള്ള ഒരു വെറും എഴുത്തായ വേദപുസ്തകത്തിനു തെററായി വ്യാഖ്യാനിക്കുന്ന ഒരാളെ ശരിപ്പെടുത്താൻ നിവൃത്തിയില്ല. എന്നാൽ പാരമ്പര്യം ഒരുജീവവാക്കാകയാലും ദൈവത്താൽ നിശ്ചയിക്കപ്പെട്ടവരും ജീവിച്ചിരിക്കുന്നവരും ആയ ഉപദേഷ്ടാക്കന്മാരുടെ ഹൃദയത്തിലും അധരങ്ങളിലും വഹിക്കപ്പെട്ടിരിക്കുന്നതിനാലും അതിൻെറ (പാരമ്പര്യത്തിൻെറ) ഓരോ വാചകങ്ങളെ സംബന്ധിച്ചും വിശുദ്ധ വേദപുസ്തകത്തിലെ വാചകങ്ങളെ സംബന്ധിച്ചും ആ വാചകങ്ങൾ ഏതു അർത്ഥത്തിൽ ശരിയാണെന്നും ഏതു അർത്ഥത്തിൽ തെററാണെന്നും പറയാൻ പാരമ്പര്യത്തിനു കഴിയുന്നതാണ്. ആരെങ്കിലും തെററായി വ്യാഖ്യാനിച്ചാൽ അതിനെ ശരിയാക്കി യഥാർത്ഥമായ അർത്ഥം പറയുന്നതിനും പാരമ്പര്യത്തിനു് സാധിക്കുന്നതാണ്. വിശുദ്ധ പാരമ്പര്യത്തിനു ഇതെല്ലാം ചെയ്വാൻ കഴിയുന്നതു് മ്ശിഹായിൽനിന്നു ഒരു വിശേഷ വരമായി ലഭിച്ച തെററിക്കൂടാത്ത അധികാരം മൂലമാകുന്നു. ദിവ്യമായ ഈ അധികാരം, വാഗ്ദാനം ചെയ്യപ്പെട്ടതും നിന്നുപോകാത്തതുമായ പരിശുദ്ധാരൂപിയുടെ സഹായത്താൽ വിശുദ്ധ കത്തോലിക്ക സഭയിൽ എന്നും നിലനില്ക്കുന്നു.

"സാക്ഷ്യപ്പെട്ടകം പട്ടക്കാരുടേയും ലേവായക്കാരുടേയും കൈവശം ഇരിക്കു

കയും ദൈവത്തിൻെറ തിരഞ്ഞെടുക്കപ്പെട്ട ജനങ്ങളുടെ ഇടയിൽ വച്ചുസൂക്ഷിക്കപ്പെടുകയും ചെയ്തു കാലത്തു അതു അനുഗ്രഹങ്ങളുടെ ഉറവ ആയിരുന്നു. എന്നാൽ അതു വേറൊരു ജാതിയുടെ ഇടയിലേയ്ക്കു കൊണ്ടുപോകയും അധികാരമില്ലാത്തവരുടെയൊ തന്നെത്താൻ അധികാരം എടുത്തവരുടെയൊ കൈവശം സൂക്ഷിക്കപ്പെടുകയും ചെയ്തപ്പോൾ അതു അവക്കു ശിക്ഷയ്ക്കു കാരണമായി തീൎന്നു." (ശ്മുയേൽ. ൧ (രാജാ. ൧) അ. ൬.)

അതുപോലെതന്നെ വിശുദ്ധ വേദപുസ്തകം അതിൻെറ താങ്ങും ന്യായമായ വ്യാഖ്യാതാവും ആയ പാരമ്പൎയ്യത്തിൽനിന്നു വേർതിരിക്കപ്പെടുകയും അധികാരമില്ലാത്ത വ്യാഖ്യാതാക്കന്മാരുടെ കൈവശം അകപ്പെടുകയും ചെയ്തപ്പോൾ അതു അനുഗ്രഹത്തിൻെറ ഉറവയാകുന്നതിനുപകരം വ്യസനകരമായ അനുഭവത്താൽ തെളിഞ്ഞിരിക്കുന്ന പ്രകാരം അവസാനമില്ലാത്ത വാദത്തിനും വിഭാഗത്തിനും സംശയത്തിനും മതഭ്രാന്തിനും തീരാത്ത ദുസ്സ്വത്തിനും കാരണമായി തീൎന്നിരിക്കുന്നു.

വിശുദ്ധ പാരമ്പൎയ്യം പഴയതൊ പുതിയതൊ ആയ വിശുദ്ധ വേദപുസ്തകത്തെ കൂടാതെ തന്നെ, അനേകം കാലത്തേക്കുമതിയായിരുന്നു. ഇപ്പോഴും മതിയാകുന്നതുമാണ്. എന്നാൽ വിശുദ്ധ വേദപുസ്തകം തന്നെത്താൻ ഒരിക്കലും മതിയായിട്ടില്ല. അതു എല്ലാ കാലത്തും ദിവ്യപാരമ്പൎയ്യത്തെ ആവശ്യപ്പെടുന്നു. എന്തുകൊണ്ടെന്നാൽ വിശുദ്ധ വേദപുസ്തകം ഒരു ദിവ്യാവേശപുസ്തകമാണെന്ന് നാം അറിയുന്നതു് ഈ ദിവ്യപാരമ്പൎയ്യത്താൽ മാത്രമാണ്. വേദപുസ്തകങ്ങളുടെ ശരിയായ അൎത്ഥത്തെ അധികാരത്തോടും നിശ്ചയത്തോടും പറയാൻ കഴിയുന്നതു പാരമ്പൎയ്യത്തിനു മാത്രമാകുന്നു. 'പാരമ്പൎയ്യത്തെ കൂടാതെ ആയാൽ വിശുദ്ധ പുസ്തകങ്ങൾ അപസ്വരമായി പലതും പറയുന്നതായി വരുന്നതാണ്. ഇങ്ങനെ ആയാൽ അവയുടെ അധികാരം തീരെ നശിച്ചുപോകും.

ഒരുദാഹരണം പറയാം. ഇടവിടാതെ പിന്തുടൎച്ചയുള്ള ജഡ്ജിമാരുള്ള ഒരു കോടതി വാഗ്മൂലമാത്രം നടപ്പായിട്ടുള്ള നിയമങ്ങളെ സംബന്ധിച്ച സജീവവും, പ്രസിദ്ധവും, സുസ്ഥിരവും ആയ പാരമ്പൎയ്യത്തിൻെറ സഹായത്താൽ ഒരു ജനസമുദായത്തിൻെറ മാൎഗ്ഗദൎശിത്വത്തിനും ക്ഷേമത്തിനും മതിയാകുന്നതാണ്. എന്നാൽ എഴുതപ്പെട്ടിട്ടുള്ള നിയമങ്ങളുടെ ശരിയായ അൎത്ഥത്തെ സാക്ഷീകരിക്കുന്നതിനും അതു എന്നും ശക്തിപ്പെട്ടിരിക്കുന്നതിനും തക്കപ്പെട്ട എല്ലാ സംഗതികളിലും അതിൻെറ ശരിയായ വ്യാഖ്യാനത്തെ അധികാരത്തോടെ പറയുന്നതിനും ഒരു കോടതിയുടെ സഹായംകൂടാതെ എഴുതപ്പെട്ട നിയമങ്ങൾക്കു കഴിയുകയില്ല.

തൻെറ കാലത്തു അനേക ജാതികളുടെ രക്ഷ കടലാസും മഷിയുംകൂടാതെ അവരുടെ സ്വന്തഹൃദയങ്ങളിൽ എഴുതപ്പെട്ടിരുന്നു എന്നും അവർ പ്രാചീനപാരമ്പൎയ്യത്തെ ഉത്സാഹത്തോടെ സൂക്ഷിച്ചിരുന്നു എന്നും വിശുദ്ധ ഇറേനേയൂസ് സാക്ഷീകരിക്കുന്നു. (Book III. C. IV.)

പാരമ്പൎയ്യം അനേകംകാലം പൂൎണ്ണമായും സഫലമായും നടപ്പിൽ ഇരുന്നതിനുശേഷമാണ് ദൈവം ലിഖിതവചനത്തേക്കൂടി നൽകിയതു്. എന്നാൽ അങ്ങനെ ചെയ്തതു പാരമ്പൎയ്യത്തെ തള്ളിക്കളയണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി അല്ലായിരുന്നു. അങ്ങനെയാണെന്നു നമ്മുടെ കൎത്താവോ തൻെറ ശ്ലീഹന്മാരോ ഒരിക്കലും പറഞ്ഞിട്ടില്ല. പിന്നെയോ ലിഖിതവചനംകൂടി നൽകിയതു പാരമ്പൎയ്യത്തെത്തന്നെ ബലപ്പെടുത്താനായിരുന്നു. എന്തുകൊണ്ടെന്നാൽ സുവിശേഷം പഠിപ്പിക്കപ്പെടുന്നതിനു ഒരു ജാതിയൊ ഒരൊററ സൃഷ്ടിയൊ ഉള്ള കാലത്തോളം എന്നുവെച്ചാൽ, ലോകാവസാനം വരെ പാരമ്പൎയ്യത്തിനൊ അല്ലെങ്കിൽ ദൈവത്താൽ ഏൎപ്പെടുത്തപ്പെടുകയും തന്നാൽ അധികാരപ്പെടുത്തുകയും ചെയ്ത ഉപദേഷ്ടാസംഘത്തിൻെറ വാഗ്മാത്രമായ ഉപദേശത്തിനൊ പൂൎണ്ണാധികാരവും വീൎയ്യവും ഉണ്ടായിരിക്കുമെന്ന് ഈ ലിഖിതവചനത്തിൽതന്നെ (നാം ഇതിനുമുമ്പു കണ്ടപ്രകാരം) താൻ പലപ്പോഴും ശക്തിയായി പ്രസ്താവിച്ചിട്ടുണ്ട്.

അതുകൊണ്ട് ആദ്യ ശതാബ്ദങ്ങളിലെ സഭാപിതാക്കന്മാർ മതസംബന്ധമാ

യ അഭിപ്രായഭേദങ്ങളെ തീർച്ചയാക്കുന്നതിനും ദൈവവെളിപാടിൻപ്രകാരം രക്ഷ പ്രാപിക്കുന്നതിനായി നാം വിശ്വസിക്കയും പ്രവൎത്തിക്കയും ചെയ്യേണ്ടതു് എന്തെന്ന് അധികാരത്തോടും നിശ്ചയത്തോടുംകൂടി സ്ഥാപിക്കുന്നതിനും അലിഖിത ദൈവവചനമാകുന്ന പാരമ്പൎയ്യത്തെ നാം ആശ്രയിക്കേണ്ടതു് ആവശ്യമാണെന്ന് പഠിപ്പിച്ചിരിക്കുന്നു.

പാരമ്പൎയ്യത്തിൻെറ സഹായം ഇല്ലാതിരുന്നാൽ തൎക്കങ്ങൾ തീർച്ചയാകാതെയും വിശ്വാസത്തേയും സന്മാൎഗ്ഗത്തേയും പററിയുള്ള സംഗതികൾ വ്യവസ്ഥപ്പെടാതെയും സത്യമായ മതം ഏതെന്ന് നിശ്ചയമില്ലാതെയുംകിടക്കുന്നതിന്, ദൈവവാക്കായ ലിഖിതവചനത്തിനു ഇട വരുന്നതാണെന്ന് സഭാപിതാക്കന്മാർ സ്പഷ്ടമായി പ്രസ്താവിച്ചിട്ടുണ്ട്.

[illegible]

## വിശുദ്ധ യൌസേപ്പു പിതാവു്.

(൧൧)

### മാർ യൌസേപ്പുപിതാവു് ആരാകുന്നു?

(തുടർച്ച).

മാർ യൌസെപ്പിന്നും ഹേലിക്കും തമ്മിലുള്ള സംബന്ധത്തെപ്പററി വിശുദ്ധ സഭാപിതാക്കന്മാൎക്കുള്ള രണ്ടാമത്തെ അഭിപ്രായമെന്താണെന്നു നോക്കാം. പരിശുദ്ധ കന്യകയുടെ ഭാഗ്യപ്പെട്ട പിതാവായ യോവാക്കിമിനെത്തന്നെയാണു വി. ലൂക്കാ ഹേലി എന്നു നാമകരണം ചെയ്യുന്നതു എന്നാണ് ഈ അഭിപ്രായക്കാർ വാദിക്കുന്നതു്. മഹാ ശാസ്ത്രപാരംഗതനായ വി. ആഗുസ്തീനോസ്, വി. ഈറാനിമ്മോസ്, മെൽക്കിയർ കാനോ, കാൽമെററ്, കൊർനേലിയസ് അലാപ്പിദെ മുതലായവർ ഇതിനെ പിൻതാങ്ങുന്നവരുമുണ്ട്. ഇതിൻെറ കാരണങ്ങളേയും അവർ പ്രസ്താവിക്കാതിരിക്കുന്നില്ല. വിശുദ്ധ ലിഖിതത്തിൽ പറയുന്ന ഹേലി, ഏലിയാക്കിം, യോവാക്കിം ഈ നാമങ്ങൾ അന്യോന്യം പൎയ്യായപദങ്ങൾ ആകുന്നു എന്നാണു ഈ വ്യാഖ്യാതാക്കൾ വ്യവഹരിക്കുന്നതു്. ഈ തേവിധത്തിൽ രാജാക്കളുടെ നാലാം പുസ്തകത്തിൽ ഏജിപ്തിലെ രാജാവു് യോസിയാസിൻെറ പുത്രനായ ഏലിയാക്കിമിൻെറ നാമം യോവാക്കിം എന്നായി മാററി എന്നു നാം കാണുന്നു. പരലിപ്പോമെന രണ്ടാംപുസ്തകത്തിലും ഇങ്ങനെതന്നെ എഴുതപ്പെട്ടിരിക്കുന്നു. ഫിലോ അനിയാനസ് എന്ന ദേഹവും യോവാക്കിം, ഏലിയാക്കിം, ഹേലി എന്ന നാമങ്ങൾ സിറിയന്മാരുടെയും ഏജിപ്തുകാരുടെയും ഇടയ്ക്കു പൎയ്യായശബ്ദങ്ങൾ ആയിരുന്നു എന്നു സാക്ഷിക്കുന്നുണ്ട്. ഹേലി എന്നതു് ഏലിയാക്കിം എന്നതിൻെറ സംക്ഷിപ്തരൂപം ആണെന്നും ചിലർ പറയുന്നു.

ഇങ്ങനെ വി. ലൂക്കാ പ്രസ്താവിക്കുന്നതായ ഹേലി, പരിശുദ്ധ കന്യകയുടെ പിതാവായ യോവാക്കിം, എന്നവർ വാസ്തവത്തിൽ ഒരേ ആൾതന്നെയാണെങ്കിൽ "യൌസേപ്പു് ഹേലിയിൽനിന്നും" എന്നുള്ള സുവിശേഷവാക്യം എത്രയും ന്യായപൂൎവ്വകമാണെന്നു നിഷ്പ്രയാസം കാണാവുന്നതാണ്. അതായതു് യൌസേപ്പു് സ്വാഭാവികമായി ഹേലിയുടെ പുത്രനല്ലെന്നും എന്നാൽ ചാർച്ചമൂലം തൻെറ ജാമാതാവാണെന്നും അത്രേ നാം ഗ്രഹിക്കേണ്ടതു്. ഈവിധ സംബന്ധത്തെ ഇങ്ങനെ വിവരിക്കുക എന്നുള്ളതു് അന്നു നടപ്പുണ്ടായിരുന്നതുമാണ്. സ്ത്രീകളുടെ വംശക്രമം അക്കാലത്തു രേഖപ്പെടുത്തുക എബ്രായക്കാൎക്കു പതിവില്ലായിരുന്നതനുസരിച്ചു് ഇങ്ങനെ വി. ലൂക്കാ എഴുതിയതുമൂലം പരിശുദ്ധ കന്യകയുടെ വംശപാരമ്പൎയ്യം നമുക്കു ലഭിക്കുന്നു.

മെൽക്കിയർ കാനോ എന്ന ശാസ്ത്രവിദഗ്ദ്ധൻ "ഹേലിയിൽനിന്നു്" who was of Heli എന്ന സുവിശേഷഭാഗം കുറേക്കൂടി അഗാധമായിട്ടാണു വ്യാഖ്യാനിക്കുന്നതു്. ഈ വാക്യം യൌസേപ്പിനെ എന്നതിനേക്കാൾ മ്ശിഹായെയാണ് ആന്തരമായി പരാമൎശിക്കുന്നതെന്ന് ഇദ്ദേഹം അഭിപ്രായപ്പെടുന്നു. എന്തെന്നാൽ യൌസേപ്പിൻെറ പുത്രൻ എന്നു വിചാരിക്കപ്പെട്ടിരുന്ന മ്ശിഹാ വാസ്തവത്തിൽ തന്നിൽനിന്നുള്ള ആൾ അല്ലായിരുന്നു. പുരുഷസംഗമംകൂടാതെ കന്യകയായ ജന

നിയിൽനിന്നും മ്ശിഹാ ജനിച്ചിരിക്ക കൊണ്ടു ലോകത്തിൽ തനിക്കു സ്വാഭാവികമായി പിതാവ് ആരുംതന്നെ ഉണ്ടായിരുന്നില്ല. എന്നാൽ ഹേലി അഥവാ യോവാക്കിം ജഡപ്രകാരം— സ്വാഭാവികമായി— തൻെറ പിതാമഹൻ (വല്യപ്പൻ) ആയിരിക്കയാൽ തന്നെ ഹേലിയുടെ പുത്രൻ എന്നു പറയാവുന്നതുമാണ്. സ്വാഭാവികമായി പിതൃസ്ഥാനത്തിന് ഏററം അടുത്തിരിക്കുന്ന ആൾ ഹേലി അഥവാ യോവാക്കിം ആണല്ലൊ. പൌത്രനിൽ നിന്നും പിതാമഹനിലേക്കുള്ള ഈ പ്രസ്താവസംക്രമണം വിസ്മയാവഹമായി തോന്നാതിരുപ്പാൻവേണ്ടി അതിൻെറ കാരണത്തേയും സുവിശേഷകൻ ഉടനെ പറയുന്നുണ്ട്. അതായതു യൌസേപ്പു യഥാൎത്ഥത്തിൽ മ്ശിഹായുടെ പിതാവല്ലെന്നും എന്നാൽ സങ്കല്പിതപിതാവു മാത്രമെ ആകുന്നുള്ളുവെന്നും അത്രേ.

ഇപ്രകാരം ഹേലി അഥവാ യൊവാക്കിം എന്ന ആളിൻെറ പുത്രിയായ പരിശുദ്ധ കന്യകയിൽനിന്നും ജനിച്ച മ്ശിഹായുടെ വംശക്രമം വാസ്തവത്തിൽ യൂദഗോത്രത്തിൽ ദാവീദിൻെറ പുത്രനായ നാത്താൻ വഴിയായിട്ടായിരുന്നെന്നും തൻെറ സങ്കല്പിത പിതാവായ യൌസേപ്പിൻേറതു സോളമൺ വഴിയായി അതേശാഖയിൽതന്നെ ഉൾപ്പെട്ടിരുന്നുവെന്നും നാം കാണുന്നു. എന്നുമാത്രമല്ല മ്ശിഹാ സോളമൻെറ കുടുംബത്തിൽ ഉൾപ്പെട്ടിരിക്കുന്നതു മാർ യൌസേപ്പിൽക്കൂടി മാത്രമല്ലെന്നു പതിമ്മൂന്നാം ബെനദിക്തോസ് മാപ്പാപ്പായും പ്രസ്താവിച്ചിട്ടുണ്ട്. അദ്ദേഹം കൊർനെലിയസ് ആലാപ്പിദെ, മെനോക്കിയസ് മുതലായവരുടെ അഭിപ്രായത്തെ അനുസരിച്ചു ഇങ്ങനെ പറയുന്നു. "യോവാക്കിമിൻെറ ഭാൎയ്യയും പരിശുദ്ധ കന്യകയുടെ മാതാവുമായ വിശുദ്ധ അന്ന മാർ യൌസേപ്പിൻെറ പിതാവായ യാക്കോബിൻെറ സഹോദരിയാകുന്നു. അതിനാൽ മാർ യൌസേപ്പും പരിശുദ്ധ കന്യകയും സഹോദര സഹോദരീ സന്താനങ്ങളാണ്. ദാവീദിൽനിന്നും സോളമൺ വഴിക്കു മാർ യൌസേപ്പിനുണ്ടായിരുന്നതു പോലെ തന്നെ ആ രാജകീയ കുടുംബബന്ധം തൻെറ മാതാവുമുഖേന പരിശുദ്ധ കന്യകയ്ക്കും ഉണ്ടെന്നു ഇതിനാൽ വ്യക്തമാകുന്നുണ്ടല്ലോ." ഇത്രയും പ്രസ്താവിച്ചതിൽനിന്നും മാർ യൌസേപ്പിൻെറ കുടുംബശ്രേഷ്ഠത, മഹാരാജാക്കന്മാരും പൂൎവ്വപിതാക്കന്മാരും അതിൽ ഉൾപ്പെട്ടിരിക്കുന്നതുകൊണ്ടു മാത്രമല്ല ആ ദൈവമാതാവും ദൈവപുത്രൻതന്നെയും അതിൻെറ ഭാഗഭാക്കുകളാകത്തക്കവണ്ണം അത്ര മഹോന്നതമായിരുന്നെന്നും ലോകത്തിലുള്ള ഏതു മഹാചക്രവൎത്തികൾപോലും തൻെറ കുടുംബമാഹാത്മ്യത്തെ അഭിമതിക്കാതിരിക്കാൻ പാടുള്ളതല്ലെന്നും നിഷ്പ്രയാസേന ഗ്രഹിക്കാവുന്നതാണ്. തൻെറ കരാഗ്രത്തിൽ ഒരു രാജകീയ ചെങ്കോലും തൻെറ ശിരോപരി ഒരു രത്നമകുടവും ഉണ്ടായിരിക്കുന്നതിനു അവ അതിയോഗ്യതയോടുകൂടിയതാകുന്നു. വിശുദ്ധ യൌസേപ്പു പിതാവ് ശ്രേഷ്ഠജാതന്മാരുടെ അഭിമാനപാത്രവും നിസ്സാരവേലക്കാരുടെ ആപ്തമിത്രവും സകലരുടേയും സങ്കേതവും ആകുന്നു.

N. B. മാർ യൌസേപ്പിൻെറ പിതാവ് യാക്കോബു ആകുന്നെന്നും; സുവിശേഷകനായ വിശുദ്ധ ലൂക്കാ "യൌസേപ്പു ഹേലിയിൽനിന്നും" എന്നെഴുതിയിരിക്കുന്നതിനേപ്പററിയും പരിശുദ്ധ കന്യകയും മാർ യൌസേപ്പും തമ്മിലുള്ള കുടുംബസംബന്ധം എങ്ങനെയാണെന്നുള്ളതിനേക്കുറിച്ചും വിശുദ്ധ സഭാപിതാക്കന്മാർ ഏകാഭിപ്രായക്കാരല്ലെന്നും മേൽപറഞ്ഞവയിൽ നിന്നും നമുക്കറിയാമല്ലൊ. എന്നാൽ ഈവക അനിശ്ചിത സംഗതികളിൽ അതായതു് വിശുദ്ധ ലിഖിതത്തിൽ നിന്നും പൂൎണ്ണമായി അറിയപ്പെടാത്തതും ഇന്നവിധമെന്നു തിരുസഭ വിധിച്ചിട്ടില്ലാത്തതും ആയ കാൎയ്യങ്ങളിൽ സഭാപിതാക്കന്മാരുടെ അഭിപ്രായങ്ങൾ ഏതിനെയെങ്കിലും നമുക്കു സ്വീകരിക്കാവുന്നതാണ്.

ഏണേക്കാട്ടു യൌസേപ്പു ക.

---

## മേരീമാഹാത്മ്യം.

കന്യാജനം ശിരസിചൂടിനരത്നമാകും
ധന്യാശയേ! മറിയമേ! കരുണാംബുരാശേ!

നിന്നെക്കണക്കപുൎവ്വപുണ്യമിയന്ന സൃഷ്ടി
മന്നിങ്കലില്ല ദൃഢമിന്നൊരിടത്തുമില്ല.

൨.

ചിത്രംതപദീയപരിപാവനമാം ചരിത്രം
പുത്രൻനിനക്കബത കന്യകയെങ്കിലും നി
(നെല്ലാം
പാൎത്താലഹോതവസുതൻ ഭുവനത്തി
കൎത്താവുതൻ മറിയമത്ഭുതപാത്രമത്രേ.

൩. (ത്താൽ
'ബാവാ' നിനക്കുജനകൻ മണവാളനോ
(കത്തിൻ
'റൂഹാ' 'സുതൻ' തനുജനിങ്ങനെ ദൈവി
മൂവാളുമായിതിലുമത്ഭുതമാം പദത്തെ
ഊഹിപ്പതോ മറിയമത്ഭുതപാത്രമത്രേ.

൪. (ലോട്ട
ആരാണുനിൻകരമതിൽ ചെറുകൊഞ്ചി
മാരോമലാംസ്മിതമൊട്ടുംമരുവുന്നതമ്മേ!(ൻ
പാരാകവേ പരിചൊടപ്പരിരക്ഷചെയ്വാ
ആരാലുദിച്ചൊരുദിവാകരനേശു താനോ.

൫.

എന്താണുനിൻറെകരതാരിലിരുന്നപാരം
('കൊന്ത' താനോ?
ചിന്തുന്നസൽകൃപയിദംബത- (ലെന്നെ
'വെന്തിങ്ങ'യോ? തരിക,നാകപഥത്തി
ബന്ധിക്കുവാൻകഴിവെഴുന്നതീവസ്തുതന്നെ.

൬. (തൻ
പാപംപരം നരരുചെയ്യുഖിലേശപരൻ
കോപംഭരംപെരുകിട്ടംപഴികൂട്ടിടുമ്പോൾ
താപംപൊറാഞ്ഞതലിയുമീമറിയമ്മയത്രേ
ഭുവമ്പരന്നണയുവാനവലംബമെന്നും.

എൻ. എക്സ്. മാത്യു.

---

## തിരുഹൃദയ സഭക്കാർ

൧൯൧൭ ഇടവമാസത്തിൽ വെക്കേണ്ട

### പൊതു നിയോഗം.

മറിയത്തിൻെറ വിമല ഹൃദയത്തെ
അറിഞ്ഞു സ്നേഹിക്കുക.

ഈശോയുടെ തിരുഹൃദയഭക്തി കത്തോലിക്കാലോകത്തിൽ സൎവ്വത്ര പരന്നിരിക്കുന്ന ഇക്കാലത്തു്, ഈ തിരുഹൃദയം എവിടെനിന്നു ഉൽഭൂതമായൊ ആ പരിശുദ്ധ മറിയത്തിൻെറ വിമലഹൃദയത്തോടുള്ള ഭക്തിക്കും പ്രചാരം സിദ്ധിക്കേണ്ടതാണല്ലൊ. ഈ ഭക്തിയുടെ ആരംഭം ൧൭-ാം നൂററാണ്ടിനു മുമ്പല്ല എന്നാണു കാണുന്നതു്. ഇതിനു തിരുസഭയുടെ അംഗീകരണം ലഭിച്ചതു് ൧൮൦൫-ൽ ആകുന്നു. എങ്കിലും അതിനുമുമ്പുതന്നെ വി. ബർനാഡിൻ, വി. ഫ്രാൻസീസ്സ്ലോസ് ദെ സാലെസ് ആദിയായ മഹാത്മാക്കൾ ഈ ഭക്തിയിൽ ഉൽസുകന്മാരായിരുന്നു. രണ്ടുപേർ പരസ്പരം സ്നേഹിക്കുമ്പോൾ അവരുടെ പ്രവൃത്തികളിലും ആശയങ്ങളിലും ഐകരൂപ്യം ഉണ്ടെന്നു കാണാവുന്നതാണ്. ഇപ്രകാരംതന്നെ ദൈവജനനിയുടെ വിമലഹൃദയത്തെ നാം സ്നേഹിക്കുന്നു എന്നു പറയണമെങ്കിൽ, ആ വിമലഹൃദയത്തിലെ പുണ്യങ്ങൾ നമ്മിലും കാണപ്പെടുവാൻ ആവശ്യമാണ്. ഇതില്ലാതെ ഒരാൾ ദൈവജനനിയുടെ ഹൃദയത്തെ സ്നേഹിക്കുന്നു എന്നു പറഞ്ഞാൽ, അതു നാവുകൊണ്ടുള്ളതല്ലാതെ ഹൃദയംകൊണ്ടുള്ള സ്നേഹമാകയില്ല. നാം മറിയത്തിൻെറ ഹൃദയത്തെ സ്നേഹിക്കുന്നുണ്ടോ എന്നു അറിയുന്നതിനു നമ്മുടെ ഹൃദയം, പാപത്താൽ മലിനീകൃതമായിരിക്കുന്നോ എന്നു പരിശോധിച്ചാൽ മതി. മലിനീകൃതമല്ലെങ്കിൽ, ദൈവജനനിയെ നാം സ്നേഹിക്കുന്നു എന്നു ധൈൎയ്യപൂൎവ്വം പറയാം. എന്തുകൊണ്ടെന്നാൽ അവിടുത്തെ ഹൃദയത്തിൽ മുഖ്യമായി ശോഭിക്കുന്ന പുണ്യം ശുദ്ധതയാകുന്നു. ആകയാൽ വിശ്വാസികൾ എല്ലാവരും മറിയത്തിൻെറ വിമല ഹൃദയത്തെ അറിഞ്ഞു സ്നേഹിച്ച് പരിശുദ്ധരായി ജീവിക്കുന്നതിന്, ദൈവജനനിക്കു പ്രതിഷ്ഠിതമായ ഈ മാസത്തിൽ തിരുഹൃദയഭക്തർ പ്രത്യേകം പ്രാൎത്ഥിപ്പാറാകണം.

---

## ലോകവൎത്തമാനച്ചുരുക്കം.

സിലോൺ ഗവൎണ്ണർ ആയി ഈയിടെ നിയമിതനായ സർ ഹജ്ജ്ക്ലിഫോർഡ് അവർകൾ ഒരു കത്തോലിക്കനാകുന്നു.

ഇക്കഴിഞ്ഞ ഏപ്രിൽ ൩൦-ാംനു- കത്തോലിക്ക മഹാജനയോഗത്തിൻെറ പ്രഥമയോഗം നി. വ. ദിവ്യശ്രീ കുര്യാളശ്ശേരിൽ മാർതോമ്മാ മെത്രാനച്ചൻ തിരുമനസ്സിലേ ആദ്ധ്യക്ഷത്തിൽ ചങ്ങനാശേരിൽവച്ചു് ഭംഗിയായി നടത്തിയിരിക്കുന്നു.

ഇററാലിയൻ ഗവമ്മേണ്ടിൻെറ പുതിയ ധനശേഖരത്തിലേക്കു വത്തിക്കാനിൽ "പ്രൊപ്പഗാന്താ തിരുസംഘത്തിൽനിന്നും പത്തുലക്ഷം ഫ്രാങ്കു കടംകൊടുത്തിരിക്കുന്നു.

വി. വിയിത്തോർ പുണ്യവാൻെറ സഭക്കാർ ചെകിടർ, ഊമകൾ മുതലായവരുടെ വിദ്യാഭ്യാസത്തിനായി ൯ ലക്ഷം രൂപാ ചെലവുചെയ്തു് ഒരു സ്കൂൾ മൊൺട്രിയൻ എന്ന സ്ഥലത്തു പണിതുവരുന്നു.

റീംസ് നഗരം— ഒരാണ്ടിനുള്ളിൽ ൩൫൦൦൦ ബോംബുകളാണു ഇവിടെ വീണിട്ടുള്ളതു്. ജനങ്ങളിൽ അനേകർ ഈ സ്ഥലം വിട്ടുപോയിരിക്കുന്നു. അവിടത്തെ മെത്രാപ്പോലീത്താ ആയ അത്യുന്നത കർദ്ദിനാൾ ലൂച്ചോൻ അവർകളും ഉപവിയുടെ സഹോദരികളും അവിടെത്തന്നെ താമസിച്ചു മുറിവേററവരേയും മരിക്കാറായവരെയും ശുശ്രൂഷിച്ചുവരുന്നു.

ഭൂഗർഭസഭ— അജ്ഞാന ചക്രവൎത്തികളുടെ കാലത്തിൽ വേദതെരുക്കങ്ങളിൽനിന്നു രക്ഷപെടുന്നതിനായി റോമ്മായിൽ അന്തർഗ്ഗുഹകൾ ഉണ്ടാക്കപ്പെട്ടിട്ടുണ്ടായിരുന്നു. ഈ തുരങ്കങ്ങൾ ചിലപ്പോൾ അനേകമൈൽ ദൂരമുള്ളവയാണു്. ഇവയിലത്രെ അന്നത്തെ ക്രിസ്ത്യാനികൾ പലപ്പോഴും ഒളിച്ചിരുന്നതും അവരുടെ മരിച്ചവരെ അടക്കിയിരുന്നതും. ഇപ്പോഴും കേടുവരാതെയിരിക്കുന്ന വി. സെബസ്ത്യാനോസിൻെറ കാററക്കൂമ്പിൽ ൪൬ മാർപ്പാപ്പാമാരും ൧൯ ലക്ഷം വേദസാക്ഷികളും സംസ്കരിക്കപ്പെട്ടിട്ടുണ്ടു്.

കൽക്കട്ടാ— ഇവിടെ വി. യൌസേപ്പുപിതാവിൻെറ ദേവാലയത്തിൽവെച്ചു് ൩൦ പേർ തങ്ങളുടെ കുടുംബങ്ങളെ ഈശോയുടെ തിരുഹൃദയത്തിന്നു ആഘോഷപൂർവ്വം പ്രതിഷ്ഠിക്കുകയുണ്ടായി. ഇതിൻെറ ഒരു ഒരുക്കമായി നാലു ദിവസം പ്രസംഗങ്ങളും അപേക്ഷകളും നടത്തപ്പെട്ടു. ഈശോയുടെ തിരുഹൃദയം ഭരിച്ചുവരുന്ന ഭവനങ്ങൾ എത്രയോ ഭാഗ്യമുള്ളവ.

ചോട്ടാ നാഗപ്പൂർ— ബൽജിയം ഈശോസഭക്കാരുടെ പരിശ്രമത്താലും ദൈവത്തിൻെറ കരുണാതിരേകത്താലും ഇവിടെ മാനസാന്തരപ്പെട്ടിട്ടുള്ളവരുടെ തുക രണ്ടു ലക്ഷം ആളുകളാണു്. ഇവരിൽ പ്രധാനികൾ ആണ്ടുതോറും ഒരു സമ്മേളനം നടത്തിവരുന്നുണ്ടു. ഈയ്യാണ്ടു യോഗത്തിൽ ൧൫൦൦൦ പേർ ഹാജരുണ്ടായിരുന്നു. കൽക്കത്താ മെത്രാനച്ചൻ തന്നെയാണു് ഈ യോഗത്തിൽ ആദ്ധ്യക്ഷം വഹിച്ചതു്.

കൽക്കത്താ വ്യാപാരികളുടെ ഔദാൎയ്യം— കൽക്കത്താ മിസ്സത്തിൻെറ ചെലവിലേക്കായി അവിടെയുള്ള കച്ചവടക്കാർ ൪൩,൫൨൭ രൂപാ ദാനം കൊടുത്തിരിക്കുന്നു. ഒരാൾ ൪,൦൦൦-വും, രണ്ടുപേർ ൨,൦൦൦വീതവും, ൧൯പേർ ൧൦൦൦രൂപാ വീതവുമാണു് ഇതിലേക്കു സംഭാവന ചെയ്തിരിക്കുന്നതു്. മതാഭിമാനികളായ ഈ കച്ചവടക്കാരുടെ ഔദാൎയ്യം സ്തുത്യർഹം തന്നെ.

ഡൽഹി— ഇൻഡ്യായുടെ തലസ്ഥാനപ്പട്ടണമായ ഇവിടെ ഒരു പുതിയ മിഷ്യൻ സ്ഥാപിക്കപ്പെട്ടിട്ടുണ്ടു്. കഴിഞ്ഞ ജനുവരി, ഫെബ്രുവരി എന്നീ മാസങ്ങളിൽതന്നെ ഇവിടെ ൩൪൦ പേർ മാനസ്സാന്തരപ്പെട്ടിരിക്കുന്നു. ഇൻഡ്യയിൽ ദൈവരാജ്യം വേഗത്തിൽ വിസ്തീൎണ്ണപ്പെടട്ടെ.

വിശേഷ ദൈവാനുഗ്രഹം— ഇംഗ്ലണ്ടിൽ ഒരു ചെറുപ്പക്കാരനായ നാവികഉദ്യോഗസ്ഥൻ ബോൺ കർദിനാളിൻെറ അരമനയിൽചെന്നു അവിടെ ഉണ്ടായിരുന്ന ഒരു പട്ടക്കാരനോടു ഇപ്രകാരം പറഞ്ഞു. "അച്ചാ ഞാൻ ഒരു പ്രോട്ടസ്റ്റൻറുകാരനാണു്. നാളെ യുദ്ധത്തിന്നു പുറപ്പെടുവാനിരിക്കയാണു്. വേഗത്തിൽ മരിച്ചുപോകുമെന്നതു നിശ്ചയം. ആയതുകൊണ്ടു ഉടനെ എന്നെ കത്തോലിക്കാസഭയിൽ സ്വീകരിക്കണം." ഇയ്യാളുടെ ആഗ്രഹപ്രകാരം കത്തോലിക്കാ മതത്തിൽ സ്വീകരിക്കപ്പെട്ടു. യുദ്ധത്തിന്നുപോയി മൂന്നുമാസം കഴിഞ്ഞപ്പോൾ മരിച്ചുപോകയും ചെയ്തു.

## മാസികാ വരിപ്പണം അടച്ചവരുടെ പേരുവിവരം.

---

### ഒരു രൂപാവീതം.

താന്നിക്കാപ്പാറ വക്കീ മത്തായി, ബ. മുണ്ടകത്തിക്കളത്തിൽ കുര്യാക്കോസച്ചൻ, താഴത്തു വക്കീ, ചിറമൽ ബ. യൌസേപ്പച്ചൻ, ബ. കോക്കാട്ടു അബ്രാഹമച്ചൻ, Mrs, J. A. D'cruz, ബ. മാടപ്പാട്ടായ കൊടക്കച്ചിറ യൌസേപ്പച്ചൻ.

### പലവക.

ചെത്തിപ്പുഴ കൊവേന്തയുടെ പെ. ബ. പ്രിയോരച്ചൻ ൩ രൂ.
ബ. പുതുശ്ശേരിൽ അന്തോനിയച്ചൻ ൨ രൂ.
കല്ലുകളത്തിലായ കല്ലൂര കോശി ചാക്കോ ൨ രൂ. ൨൮ ച. ൩൦ കാ.
ബ. ചെമ്പരത്തി പിലിപ്പോസച്ചൻ ൮ രൂ. ൪ ച. ൪ കാ.
Rev. Fr. Sebastian Biederman, ൩ രൂ.
ബ. തോപ്പിൽ അമ്പ്രോസീസച്ചൻ ൨ രൂ.
ഐനിക്കൽ തോട്ടാൽ അന്തോനി ഔസേപ്പ ൮ രൂ. ൨൩ ച. ൮൨ കാ.
ബ. മരുതുക്കുന്നേൽ തോമ്മാച്ചൻ ൮ രൂ. ൮൯ ച. ൯ കാ.
കുന്നപ്പള്ളിൽ തൊമ്മൻ വക്കീ ൫ രൂ.
അയ്യനാട്ട പാറായിൽ കുഞ്ഞവിരാ തരകൻ ൨ രൂ.
മഞ്ഞുമ്മേൽ കൊവേന്തയുടെ പെ. ബ. പ്രിയോരച്ചൻ ൨ രൂ.

REGISTERED No. M. 365

# പഞ്ചാംഗം.

## ൧൯൧൮ ജൂൺ.

| മാസം. | തീയതി. | മാസം. | തീയതി. | ആഴ്ച. | വിശേഷ ദിവസങ്ങൾ. | |
|---|---|---|---|---|---|---|
| | 1 | ഇടവം. | ൧൯ | ശ | ഏം. ന. ക. പെ. | വെ. |
| | 2 | | ൨൦ | ഞാ | ✠ ഉയ. ൭ാം ന. ക. ആ. [illegible] | വെ. |
| | 3 | | ൨൧ | തി | ഏം. ന. ക. പെ. | വെ. |
| | 4 | | ൨൨ | ചൊ | ഏം. ന. ക. പെ. | വെ. |
| | 5 | | ൨൩ | ബു | ഏം. ന. ക. പെ. | വെ. |
| | 6 | | ൨൪ | വ്യാ | ശ്രു. കബ്ബാന എട്ടാ. ന. ക. പെ. | വെ. |
| | 7 | | ൨൫ | വെ | † ന. ക. തിരു. ഹൃ. ന. ക. പെ. | വെ. |
| | 8 | | ൨൬ | ശ | † അ. മെ. മല്പാ. ഇസിദോ. ന. ആ. ക. പെ. (മേടം ൪) | വെ. |
| | 9 | | ൨൭ | ഞാ | ✠ പന്ത. ൩ാം ഞ. ന. ക. ആ. [illegible] | പ. |
| | 10 | | ൨൮ | തി | † വി. മർഗ്ഗരീ. രാജ്ഞി. ന. ആ. ക. പെ. | വെ. |
| | 11 | | ൨൯ | ചൊ | ബർണ്ണബാ ശ്ലീ. ന. ക. പെ. | ചു. |
| | 12 | | ൩൦ | ബു | † മെ. യോഹ. ന. ആ. ക. പെ. | വെ. |
| | 13 | | ൩൧ | വ്യാ | മെ. അന്തോനി പാദു. ന. ആ. ക. പെ. | വെ. |
| | 14 | | ൩൨ | വെ | അ. മെ. മല്പാ. ബസ്സേലി. ന. ക. പെ. | വെ. |
| ജൂൺ. | 15 | മിഥുനം. | ൧ | ശ | വേ. വിത്തോ. ക്രു. ന. ആ. ക. പെ. | ചു. |
| | 16 | | ൨ | ഞാ | ✠ പന്ത. ൪ാം ന. ക. ആ. [illegible] | |
| | 17 | | ൩ | തി | † മെ. യോഹ. ഫ്രാൻസി. ന. ആ. ക. പെ. | വെ. |
| | 18 | | ൪ | ചൊ | വേ. മർക്കോസ് മർസ്സ. ന. ആ. ക. പെ. | ചു. |
| | 19 | | ൫ | ബു | വേ. ഗെർവാ. ക്രു. ന. ആ. ക. പെ. | ചു. |
| | 20 | | ൬ | വ്യാ | വേ. പാ. സിൽവെ. ന. ആ. ക. പെ. | ചു. |
| | 21 | | ൭ | വെ | † മെ. ലൂയീസ് ഗൊൻ. ന. ആ. ക. പെ. | വെ. |
| | 22 | | ൮ | ശ | അ. മെ. പൌലീനോ. ന. ആ. ക. പെ. | വെ. |
| | 23 | | ൯ | ഞാ | ✠ പന്തക്കു. ൫ാം ന. ക. ആ. [illegible] | പ. |
| | 24 | | ൧൦ | തി | (✠) യോഹന്നാൻ മാം. പിറ. ന. ക. പെ. | വെ. |
| | 25 | | ൧൧ | ചൊ | † മെ. ഗുലിയേൽ. ന. ആ. ക. പെ. | വെ. |
| | 26 | | ൧൨ | ബു | വേ. യോഹ. ക്രു. ന. ആ. ക. പെ. | ചു. |
| | 27 | | ൧൩ | വ്യാ | യോഹ. മാം. ഏം. ന. ആ. ക. പെ. | വെ. |
| | 28 | | ൧൪ | വെ | പത്രോ. പൌലോ. ത്ര. നാ. ന. ആ. ക. ത. | റോ. |
| | 29 | | ൧൫ | ശ | ✠ പത്രോ. പൌ ശ്ലീ. ന. ക. പെ. | ചു. |
| | 30 | | ൧൬ | ഞാ | ✠ പന്തക്കു. ൬ാം ന. ക. പെ. [illegible] | ചു. |

✠ ഈ അടയാളം എല്ലാവക്കും കടമുള്ള ദിവസം. (✠) കടം നീക്കപ്പെട്ട ദിവസം. (ഇ. വി.) ഇറച്ചിവിലക്കുള്ള ദിവസം. † പുതുതായി ചേക്കപ്പെട്ട തിരുനാളുകൾ.

Printed and Published for the Proprietor, by A. P. Manikat
St. Joseph's Press, Mannanam, 1918.